# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 5/227/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 5/227/2023 തീയ്യതി: 08/03/2023

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 30-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ് കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 31-01-2023 | 08-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 31-01-2023 | 08-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ. കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ദിശ.ആർ. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.പി,ഓഡിറ്റർ
ശ്രീമതി അശ്വതി ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.കെ പ്രമോദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ മനോജ് ഒ | സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീ.രാജീവൻ.വി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2021 | 18-07-2021 |
| ശ്രീ.ഷിജു.എൽ.എൻ | സെക്രട്ടറി | 19-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജീവൻ വി.വി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ഷെറിൻറിഷാദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.വിജിത വി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.നർദ വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.പി.ആർ ഷാമിൻ | മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ശ്രീമതി. സൗദ കെ.സി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. അനീഷ് കുമാർ ആർ.യു | വി.ഇ.ഒ | 01-04-2021 | 20-10-2021 |
| ഷഫ്ന.ഇ | വി.ഇ.ഒ | 21-10-2021 | 31-03-2022 |
| ശ്രീ.പ്രതീഷ്കുമാർ ഇ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| പ്രീത. എൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്യാം ചന്ദ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശാന്ത കുനിയിൽ | ഹെഡ്മാസ്റ്റർ | 01-04-2021 | 18-03-2022 |
| വിലാസിനി | ഹെഡ്മാസ്റ്റർ | 19-03-2022 | 31-03-2022 |
| മഹേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 24-04-2021 |
| ജിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം ( ACR) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | തനത് ഫണ്ട് കമ്മിയായി തുടരുന്നു | 1-9 |
| 10 | വ്യത്യസ്ത രീതിയിൽ റോഡ് കണക്കാക്കിയതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം | 1-10 |
| 11 | ഒരേ കെട്ടിടത്തിന് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം | 1-11 |
| 12 | തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല. | 1-12 |
| 13 | FTE&OS ലൈസൻസ് അപാകതകൾ | 1-13 |
| 14 | അഡ്വാൻസ്/ഡെപ്പോസിറ്റ് ക്രമീകരിച്ചിട്ടില്ല. | 1-14 |
| 15 | റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിന് മണ്ണ് പ്രവൃത്തിയ്ക്ക് പ്രത്യേകയിനം ഉൾപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-15 |
| 16 | പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പുതിയ നിർമ്മിതിക്കുള്ള ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 1-16 |
| 17 | വക്കീൽ ഫീസ് ഇനത്തിൽ അധികതുക അനുവദിച്ചു | 1-17 |
| 18 | പ്രവൃത്തിയുടെ സ്വഭാവം മുഴുവനായി മാറ്റിയപ്പോഴും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പ്രവൃത്തി നടത്തി | 1-18 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 1-19 |
| 20 | തുക കൈമാറിയെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല | 1-20 |
| 21 | ആവശ്യകത നിർണ്ണയിക്കാതെ/നിർവ്വഹണ സാധ്യത ഉറപ്പാക്കാതെ പദ്ധതികൾ ആവിഷ്കരിക്കുന്നു- പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം | 1-21 |
| 22 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - അപാകത | 1-22 |
| 23 | പ്രവൃത്തിയിൽ വൻ അന്തരമുണ്ടായിട്ടും എസ്റ്റിമേറ്റ് പുതുക്കാതെ പ്രവൃത്തി നടത്തി | 1-23 |
| 24 | പോഷകാഹാരവിതരണം-മോണിറ്ററിംഗ് ഫലപ്രദമല്ല. | 1-24 |

| | | |
|---|---|---|
| 25 | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-25 |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-26 |
| 27 | ഒരു പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ ബില്ലുകൾ പുതിയ പദ്ധതികൾ രൂപീകരിച്ച് നൽകി | 1-27 |
| 28 | പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം - കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-28 |
| 29 | ഭവനപദ്ധതികൾ പൂർത്തീകരിക്കാത്തതുസംബന്ധിച്ച് | 1-29 |
| 30 | വരൾച്ച – കുടിവെള്ള വിതരണം - | 1-30 |
| 31 | വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-31 |
| ഭാഗം **2** | | |
| 1 | വ്യത്യസ്ത രീതിയിൽ റോഡ് കണക്കാക്കിയതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം | 2-1 |
| 2 | ഒരേ കെട്ടിടത്തിന് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം | 2-2 |
| ഭാഗം **3** | | |
| 1 | റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിന് മണ്ണ് പ്രവൃത്തിയ്ക്ക് പ്രത്യേകയിനം ഉൾപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 3-1 |
| 2 | പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പുതിയ നിർമ്മിതിക്കുള്ള ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 3-2 |
| 3 | വക്കീൽ ഫീസ് ഇനത്തിൽ അധികതുക അനുവദിച്ചു | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.2.21 തിയ്യതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2021-22 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 16.3.22 ലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 3,65,656 |
| വരവ് | 38,36,24,304 |
| ആകെ | 38,39,89,960 |
| ചെലവ് | 38,09,08,939 |
| നീക്കിയിരിപ്പ് | 30,81,021 |

തൻവർഷത്തെ ബജറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ് – കൃത്യമായ വിശകലനമില്ല.

ബജറ്റ് പ്രൊവിഷനിൽ കൂടുതൽ ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ്/ചെലവുകളും ഉണ്ടായിട്ടുണ്ട്. കൃത്യതയില്ലാത്ത ബജറ്റിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 110 | 18500000 | 15600000 | 14912025 |
| 2 | 130 | 13500000 | 6050000 | 5402919 |
| 4 | 210 | 19565000 | 18900000 | 21377108 |
| 5 | 230 | 5050000 | 3170000 | 4037315 |
| 6 | 251 | 121153382 | 186879872 | 73065913 |
| 7 | 252 | 6006000 | 200000 | 1282095 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ഡിസംബർ അവസാന വാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള

പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ (ഹോമിയോ), ഹെഡ്മാസ്റ്റർ, കൃഷി ഓഫീസർ എന്നിവർ നൽകിയ പ്രപ്പോസലുകൾ ഒഴികെ ഉള്ള മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രപ്പോസലുകളൊന്നും ബജറ്റ് ഫയലിൽ ലഭ്യമല്ല.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-2 വാർഷിക കണക്കിലെ അപാകതകൾ

1.ലോൺ ഇനത്തിലെ നീക്കിയിരിപ്പ് തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന പരാമർശത്തിന് കാർഷിക വിപണന കേന്ദ്രം നിർമ്മാണത്തിന് ലോണിന്റെ തിരിച്ചടവ് മുതൽ ഇനത്തിൽ 7068360/- രൂപയും പലിശ ഇനത്തിൽ 2096683/- രൂപയുമാണെന്നും ആയത് RP 32-330500201 ഹെഡിൽ 6568360/- രൂപയാണ് രേഖപ്പെടുത്തിയത് എന്നും RP 45 440500101 ഹെഡിൽ 1000000/- ലക്ഷം രൂപ രേഖപ്പെടുത്തിയത് 500000 രൂപ 330500201 ഹെഡിലും 500000/- രൂപ RP-14 240500203 ഹെഡിലുമാണ് ക്രമീകരിക്കേണ്ടിയിരുന്നതെന്നുമാണ് മറുപടി നൽകിയത്. ആയത് തുടർവർഷത്തിൽ ക്രമീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2. വാർഷിക കണക്ക് B 17 പ്രകാരം Treasury TSB അക്കൗണ്ടിൽ 74000/- രൂപ Treasury Account-covid 7245/- നീക്കിയിരിപ്പുള്ളതായി കാണുന്നു. പ്രസ്തുത നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ആവശ്യമായ റീക്കൺസീലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല എന്ന പരാമർശത്തിന് ട്രഷറി TSB അക്കൗണ്ട് 2020-21 സാമ്പത്തിക വർഷം സർക്കാർ ഉത്തരവ് പ്രകാരം ക്ലോസ് ചെയ്യുകയും ബാക്കി തുക പുതുതായി തുടങ്ങിയ സ്പെഷ്യൽ LGSTSB അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുള്ളതാണെന്നും മെമ്പർമാരുടെ Deferred Honorarium ഇനത്തിൽ വരവ് രേഖപ്പെടുത്തിയ 74000/- രൂപ ഒരു പ്രാവശ്യം ഹെഡ് കറക്ഷൻ നടത്തിയതിനാൽ പിന്നീട് ക്യാൻസൽ ചെയ്യാൻ സാധിച്ചില്ല എന്നും പ്രസ്തുത തുകയാണ് നീക്കിയിരിപ്പായി കാണുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

കൂടാതെ ട്രഷറി കോവിഡ് അക്കൗണ്ടിൽ ബാക്കി കാണുന്ന 7245/- രൂപ 26.3.22 ന് സർക്കാർ

റിസംപ്ഷൻ ഇനത്തിൽ റിക്കവറി ചെയ്ത തുകയാണെന്നും ആയത് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുള്ളത്.

3. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റും ഡിപ്രീസിയേഷന്റെ കാൽകുലേഷൻ ഷീറ്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിലെ ഐ - 17(A) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ ഡിപ്രിസിയേഷൻ തുകയുടെ (₹ 15895808/-) കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

5. തൊഴിൽരഹിതവേതനം ഇനത്തിൽ 120840 രൂപയും വിവാഹധനസഹായം ഇനത്തിൽ 120000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് വാർഷിക കണക്കിലെ I-6 ൽ ഉൾപ്പെട്ടിട്ടില്ല എന്ന പരാമർശത്തിന് പ്രസ്തുത തുക വരവ് വരുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത് മാർച്ച് 31 ന് ക്യാഷ് ആയി വരവ് വയ്ക്കുകയും ക്യാഷ് ആയി ചെലവ് കാണിക്കുകയും ചെയ്തിട്ടുണ്ടെന്നുമുള്ള മറുപടിയാണ് സമർപ്പിച്ചിട്ടുള്ളത്. തുടർവർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| Canara Bank Own Fund(44172210028334) | 22100756 | 101088/26.10.21 | 150 |
| | 22100881 | 367667/29.12.21 | 69831 |
| | 22000261 | 065996/12.6.20 | 600 |
| | 22000768 | 006073/21.10.20 | 4205 |
| | 22100056 | 268089/7.4.21 | 20385 |
| | 22001387 | 71846/25.3.21 | 3000 |
| | 22000570 | 0532660/27.8.20 | 33635 |
| | 21901221 | 903168/31.1.20 | 4870 |

| | | | |
|---|---|---|---|
| | 21901284 | 5289/13.2.20 | 2749 |

7.വാർഷിക കണക്ക് ബി-14പ്രകാരം Closing Stock-stores ഇനത്തിൽ 49250/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

8. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (Contractors Emd, Bidders Emd, Other Deposit Etc)

9.എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ 2021-22 വർഷത്തെ ചെലവ് വിവരങ്ങൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

10.എ.സി.ആർ, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്, ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

11. എ.ഇ. നിർവ്വഹണം ചെയ്ത E-Tender നടത്തിയ പ്രോജക്റ്റുകളിലെ ടെണ്ടർ ഫീസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

12. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ്, Tour TA Advance, Advance To Others, Advance To Beneficiary Committee Convenor എന്നീ ഹെഡുകളിൽ മുൻവർഷങ്ങളിലെ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു.

13. വാർഷിക കണക്ക് ബി-15 പ്രകാരം മുൻവർഷങ്ങളിലെ അരിയർ ഇനത്തിൽ 431400102 ഹെഡ് പ്രകാരം 164956/- രൂപയും, 431400122 ഹെഡ് പ്രകാരം 8365/- രൂപയും ക്രമീകരിക്കാതെ അവശേഷിക്കുന്ന എന്ന പരാമർശത്തിന് 431400102 ഹെഡ് പ്രകാരം 164956/- രൂപ സംബന്ധിച്ച് നിലവിൽ കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുകയാണെന്നും 431400122 ഹെഡ് പ്രകാരം 8365/- രൂപ 2022-23 വർഷം ക്രമീകരിച്ചിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. തുക ക്രമീകരിച്ചിതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുള്ളതിനാൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,44,27,299 |
| വരവ് | 11,97,31,257 |
| ആകെ | 13,41,58,556 |

| | |
|---|---|
| ചെലവ് | 11,41,51,789 |
| നീക്കിയിരിപ്പ് | 2,00,06,767 |

1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 17910800 | 17910800 | 17442395 | 468405 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 9608530 | 9608530 | 9070343 | 538187 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 19825466 | 19825466 | 8652191 | 11173275 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7914928 | 7914928 | 4123787 | 3791141 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 0 | 6195288 | 3836000 | 3485398 | 350602 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury | 0 | | 2359288 | 1694122 | 665166 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Bank | 0 | 10616107 | 5753000 | 3490986 | 2262014 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (Tied Grant) Treasury | | | 4863107 | 2436546 | 2426561 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് | 737964 | 1738169 | 2476133 | 2300000 | 176133 |
| Total Sanitation | 4151212 | 0 | 4151212 | 156000 | 3995212 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| സമ്പൂർണ്ണ ശുചിത്വ ഫണ്ട് | 1139895 | 190000 | 1329895 | 0 | 1329895 |
| ശുചിത്വമിഷൻ | 25000 | 0 | 25000 | 0 | 25000 |
| MN ലക്ഷംവീട് | 7038594 | 191974 | 7230568 | 0 | 7230568 |
| ജോയിന്റ് വെഞ്ചർ (ബ്ലോക്ക് വിഹിതം) | 525000 | 120000 | 645000 | 120000 | 525000 |
| ജോയിന്റ് വെഞ്ചർ (ജില്ല വിഹിതം) | 1156369 | 3581752 | 4738121 | 1081752 | 3656369 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 153935551 | 161 | 82327395 | 17 | 23 | 88 |

ഡി.പി.സി. അംഗീകാരം ലഭിച്ച 201 പ്രോജക്ടുകളിൽ 178 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 15,39,35,551/- രൂപ വകയിരുത്തിയതിൽ 8,23,27,395/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 96,97,285 /- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി.അംഗീകാരം ലഭിച്ച മരാമത്തു പ്രോജക്ടുകളിൽ പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 52321998

/- രൂപ വകയിരുത്തിയതിൽ 2,55,81,603/- രൂപയാണ് 2021-22 വർഷത്തിൽ ചെലവഴിച്ചത്. അതായത് 49 ശതമാനം തുക മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ചെലവ് കുറഞ്ഞതിന്റെ കാരണം പരിശോധിച്ചതിൽ ഒരു പ്രോജക്റ്റിന് വേണ്ടി 1.63 കോടി രൂപയുടെ വായ്പയാണ് പദ്ധതിയിൽ അടങ്കലായി വിഭാവനം ചെയ്തത്. എന്നാൽ ഇതിൽ ചെറിയ തുക മാത്രമാണ് ചെലവായിട്ടുള്ളത് എന്ന് കാണുന്നു.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,16,046/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 120840 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 13883400 | 869 |
| വിധവാപെൻഷൻ | 20777100 | 1347 |
| വാർദ്ധക്യകാല പെൻഷൻ | 32181800 | 2330 |
| വികലാംഗ പെൻഷൻ | 5843500 | 372 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 599600 | 38 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കെ.യു.ആർ.ഡി.എഫ്.സി ലോൺ അടവ് തുടരുന്നതിനാലും ഫണ്ട് ലഭ്യത പ്രതീക്ഷിച്ച പ്രകാരം വരവ് വരാത്തതും നിമിത്തം തനത് ഫണ്ട് നിലവിലും കമ്മിയായി തുടരുന്നു.

രജിസ്റ്റർ, ഫയൽ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. തെരുവ് വിളക്കുകളുടെ പരാതി/പരിപാലനം, എണ്ണം, സ്ഥലം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കുടിവെള്ള വിതരണം, തെരുവ് വിളക്ക് സംബന്ധിച്ച ഫയലുകളിലെ നോട്ട് എഴുത്ത് തൃപ്തികരമല്ല. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

1-9 തനത് ഫണ്ട് കമ്മിയായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില തൃപ്തികരമല്ലെന്ന് വാർഷിക കണക്കുകൾ സൂചിപ്പിക്കുന്നു. 2021-22 ലെ ആസ്തിബാധ്യതാ വിവരങ്ങൾ ഇതിന്റെ വ്യാപ്തി വ്യക്തമാക്കുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ

| 2021-22 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 396989 | B12 | 10000 |
| B4 | 23093040 | | |
| B5 | 19657257 | B14 | 49250 |
| B7 | 17982157 | B15 | 1410767 |
| B9 | 4538541 | B17 | 20006767 |
| | | B18 | 2611377 |

| | | | |
|---|---|---|---|
| ആകെ | 6,56,67,984 | | 2,40,88,161 |

കുറിപ്പ്- 1) B5 പ്രകാരമുള്ള തുകയിൽ 1,96,57,257/- രൂപ മാത്രമാണ് തനത് ആസ്തിക്ക് ലഭിച്ചതിൽ തനത് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടത്.

2) കുറിപ്പ്- B18 പ്രകാരമുള്ള തുക 1,71,79,800/-രൂപയാണ്. ഇതിൽ തനത് ഫണ്ടിലേക്ക് വരുന്ന തുക മാത്രമാണ് പരിഗണിച്ചത് .

നിലവിലും ലിക്വിഡിറ്റിയുള്ള ബാധ്യത ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ വളരെ കൂടുതലാണെന്ന് മേൽ കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് തനത് ഫണ്ട് കമ്മിയിലാണെന്നതിന്റെ വ്യക്തമായ സൂചനയാണ് .

സാമ്പത്തിക നില പരിഗണിക്കാതെ പദ്ധതികൾക്ക് തുക വകയിരുത്തി

വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാനുള്ള വിദൂരസാധ്യത പോലും നിലവിലില്ലെന്ന് മേൽ ബാലൻസ് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തിയിരുന്നു. എന്നാൽ ഈ ധനസ്ഥിതി പരിഗണിക്കാതെ 2021-22 താഴെ പറയും പ്രകാരം തനത് ഫണ്ട് വകയിരുത്തി തുക വിനിയോഗിച്ചു.

| വർഷം | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | |
|---|---|---|---|---|---|---|
| | ലോൺ തിരിച്ചടവിന് | മറ്റുള്ള പ്രോജക്റ്റുകൾക്ക് | ആകെ | ലോൺ തിരിച്ചടവിന് | മറ്റുള്ള പ്രോജക്റ്റുകൾക്ക് | ആകെ |
| 2021-22 | 1,50,00,000 | 1904312 | 16904312 | 9165043 | 532242 | 9697285 |

ലോൺ ബാധ്യത തീർക്കാൻ തുക വകയിരുത്തിയത് ന്യായീകരിക്കാമെങ്കിലും പുതിയ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തിയത് അംഗീകരിക്കാവുന്നതല്ല.

തനത് ഫണ്ട് കമ്മിയായിരിക്കെ പുതിയ പ്രോജക്റ്റുകൾക്ക് ഇപ്രകാരം തുക വകയിരുത്തിയതെന്തുകൊണ്ടെന്ന് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

100% ബാധ്യതയിൽ നിർമ്മിച്ച കാർഷിക വിപണനകേന്ദ്രം പ്രവർത്തന സജ്ജമായെങ്കിലും വരുമാനം പ്രതീക്ഷിച്ചത്ര ലഭ്യമായില്ല

കാർഷിക വിപണനകേന്ദ്രം പ്രവൃത്തി പൂർത്തീകരണത്തിന് തുക ചെലവഴിച്ചതിനാലും ലോൺ തിരിച്ചടവിനായി മുതലും പലിശയും സഹിതം പ്രതിവർഷം ശരാശരി ഒരു കോടിയോളം രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചു വരുന്നതുമാണ് തനത് ഫണ്ട് കമ്മിയാകാൻ പ്രധാന കാരണമായത്. കെട്ടിട നിർമ്മാണത്തിന്റെ ഫൈനൽ ബിൽ ഇപ്പോഴും കരാറുകാരന് നൽകിയിട്ടില്ല. എന്നാൽ 2021-22

വർഷം മുതൽ മേൽ ആസ്തിയിൽ നിന്നും ലഭിച്ച വരുമാനം പ്രതീക്ഷയ്ക്ക് വക നൽകുന്നു. ഇതിന്റെ വിശദാംശം താഴെ പറയും പ്രകാരമാണ്.

| വർഷം | വരവ് തുക |
|---|---|
| 2021-22 | 5,66,946 |
| 2022-23 (1.4.2022 മുതൽ 8.2.2023 വരെ) | 30,20,150 |

കാർഷിക വിപണന കേന്ദ്രനിർമ്മാണത്തിന് വേണ്ടി വായ്പ തിരിച്ചടവിനായി തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതും കോവിഡ് പ്രതിസന്ധി കാരണം മേൽ കെട്ടിടത്തിൽ നിന്നും നാളിതുവരെ വാടക ഇനത്തിൽ പ്രതീക്ഷിച്ചത്ര വരുമാനം ഒന്നും ലഭിക്കാത്തതും തനത് ഫണ്ട് മൈനസ് ആവാൻ കാരണമായിട്ടുണ്ട്. 2021-22 വർഷം മേൽ കെട്ടിടത്തിന് വാടക ഇനത്തിൽ 566946/- രൂപയും നിലവിൽ 1.4.2022 മുതൽ 8.2.2023 വരെ 30,20,150/- രൂപയുടെ വരവുമാണ് ലഭ്യമായിട്ടുള്ളത്. തനത് ഫണ്ട് മെച്ചപ്പെടുന്നതിന് വാടക ഇനത്തിലെ വരുമാനം ഇനിയും വർദ്ധിക്കേണ്ടതുണ്ട്.

ലോൺ തിരിച്ചടവിന് ആവശ്യമായ ഫണ്ട് കണ്ടെത്തേണ്ടതും. കൃത്യമായി അടവാക്കി പിഴപ്പലിശ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ വരുമാനം പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വരവിനത്തിലെ കുടിശ്ശിക തുകകൾ സമയബന്ധിതമായി പിരിച്ചെടുത്ത് തനത് ഫണ്ട് നിക്കീയിരിപ്പ് മെച്ചപ്പെടുത്താനുള്ള തുടർ നടപടികൾ ഭരണസമിതിയും, സെക്രട്ടറിയും സ്വീകരിക്കേണ്ടതാണ്. പ്രതിസന്ധി മറികടക്കാൻ സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിന് വിശദീകരിക്കേണ്ടതുമാണ്.

തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യമായ എല്ലാ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ച് തനത് ഫണ്ട് മെച്ചപ്പെടുത്തേണ്ടതാണ്.

### 1-10 വ്യത്യസ്ത രീതിയിൽ റോഡ് കണക്കാക്കിയതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം

ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച് വസ്തു നികുതി നിർണ്ണയിക്കുകയും നിലവിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്ത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ പേരാമ്പ്ര ബസ്സ്റ്റാന്റിന് സമീപം ശ്രീമതി.കാർത്ത്യായനി അമ്മ, കൈതാവിൽ, മേഞ്ഞാണ്യം എന്നവർക്ക് BA-6/20-21 29.7.20 നമ്പർ പെർമിറ്റ് പ്രകാരം ഗ്രൗണ്ട് ഫ്ലോർ 292.60 ഒന്നാം നില 362.32രണ്ടാം നില 15.42 എന്നിങ്ങനെ ആകെ 670.34 ച.മീറ്ററിലുള്ള

വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. നിർമ്മിച്ച കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ 300.68 ച.മീ ,ഒന്നാം നില 362.32ച.മീ, രണ്ടാം നില 15.42 ച.മീ എന്നിങ്ങനെ ആകെ 678.42 ച.മീറ്റർ വിസ്തീർണ്ണമുള്ളതാണ്. 8.08 ച.മീ അധികനിർമ്മാണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 12/962 A, B, C, D എന്നീ നമ്പറുകൾ നൽകി നിർമ്മാണത്തിന് "വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിങ്ങ് മാളുകൾ " എന്ന ഉപയോഗക്രമത്തിൽ പെടുത്തി 70 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. ആകെ 678.42 ച.മീ. വിസ്തൃതിയുള്ള ഈ കെട്ടിടത്തിന്റെ 146.17 ച.മീ. വിസ്തൃതിയിലുള്ള ഗ്രൗണ്ട് ഫ്ലോറിന് 26.11.21 ന് 12/962 A, ഒന്നാം നില 193.44+ ഗ്രൗണ്ട് ഫ്ലോർ 14.22 = 207.66 8.3.22ന് 12/962 B, ഒന്നാം നില 168.88+രണ്ടാംനില 15.42=184.3 23.3.22ന് 12/962 C, ഗ്രൗണ്ട് ഫ്ലോർ 140.29 ച.മീ 7.7.22 ന് 12/962 D എന്നിങ്ങനെ നമ്പർ നൽകി "വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 70 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. 12/962 A യ്ക്ക് പേരാമ്പ്ര കള്ള് ഷാപ്പ് റോഡ് 5 മീറ്ററിൽ കൂടുതൽ എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 12/962 B, 12/962 C,12/962 D എന്നിവയ്ക്ക് പേരാമ്പ്ര കള്ള് ഷാപ്പ് റോഡ് 1.5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തിയതിനാൽ നികുതി ഇനത്തിൽ 20% കുറവ് ഉണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ (വിസ്തീർണ്ണം) | ഈടാക്കിയ നികുതി (സഞ്ചയ പ്രകാരം) | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|
| 12/962 B(207.66 ച.മീ) | 13811 | 207.66 X 70=14536<br>14536X20%=2907<br>(വഴി വർദ്ധന)<br>14536+2907=17443<br>17443X5%=872<br>(ബഹുനില വാണിജ്യ ഇളവ്)<br>17443-872=16571 | 16571-13811=2760 |

| | | | |
|---|---|---|---|
| 12/962 C(184.3 ച.മീ) | 12256 | 184.3 X 70 =12901<br>12901x20%=2580<br>(വഴി വർദ്ധന)<br>12901+2580=15481<br>15481x5%=774<br>(ബഹുനില വാണിജ്യ ഇളവ്)<br>15481-774=14707 | 14707-12256=2451 |
| 12/962 D(140.29 ച.മീ) | 9821 | 140.29 X 70=9820<br>9820x20%=1964<br>(വഴി വർദ്ധന)<br>9820+1964=11784<br>11784x5%=589<br>(ബഹുനില വാണിജ്യ ഇളവ്)<br>11784-589=11195 | 11195-9821=1374 |
| | | ആകെ | 6585 |

നികുതി തെറ്റായി നിർണ്ണയിച്ചതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ഇനത്തിൽ 6585/- രൂപയുടെയും ലൈബ്രറി സെസ്സ് ഇനത്തിൽ 329/- രൂപയുടെയും നഷ്ടം ഉണ്ടായിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1-11 ഒരേ കെട്ടിടത്തിന് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്ത് വാർഡ് 15 ൽ ശ്രീ.അബ്ദുൾറഹിമാൻ എന്നവർക്ക് BA-72/15-16 നമ്പർ പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. ചാനിയംകടവ് വടകര റോഡിന് സമീപം

സ്ഥിതി ചെയ്യുന്ന ഈ കെട്ടിടത്തിന്റെ താഴത്തെ നില 2019 ഒന്നാം അർദ്ധവർഷത്തിൽ 15/505A, B, C, D, F, G വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 50 രൂപ നിരക്കിലും 15/505 D1, H, I, J, K, L, M, N എന്നിവയ്ക്ക് വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 50 രൂപ നിരക്കിലും നികുതി നിർണ്ണയിച്ചിരുന്നു.

2021 ഒന്നാം അർദ്ധവർഷത്തിൽ ഇതിന്റെ ഒന്നാം നിലയുടെ നിർമ്മാണം പൂർത്തീകരിച്ച് 15/505 O, P, Q, R, S, T, U എന്നീ നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. ഇതിൽ 15/505 O((62.53 ച.മീ) വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. 15/505 P, Q, R, S, T, U എന്നിവ വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 70 രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിച്ചത്. വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

15/505 O (62.53 ച.മീ) യ്ക്ക് യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതി താഴെ പറയും പ്രകാരമാണ്.

62.53o70=4377

4377o20%=875 (വഴി വർദ്ധന)

4377+875=5252-263 (ബഹുനില വാണിജ്യ ഇളവ്)=4989

സഞ്ചയ പ്രകാരം നിലവിൽ കണക്കാക്കിയത്=2140

വ്യത്യാസം 4989-2140=2849

മേൽ കെട്ടിടത്തിന് വ്യത്യസ്ത നിരക്കിൽ നികുതി കണക്കാക്കിയതിന് മറുപടി നൽകേണ്ടതാണ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ഇനത്തിൽ 2849/- രൂപയുടെയും ലൈബ്രറി സെസ്സ് ഇനത്തിൽ 142 രൂപയുടെയും നഷ്ടം ഉണ്ടായിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച FTE&OS ലൈസൻസ് അപേക്ഷകളിൽ 901 മുതൽ 1200 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിലും ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. (FTE&OS ലൈസൻസ് രജിസ്റ്റർ) | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 919 | സ്മാർട്ട് ഫോൺ കെയർ | 4 |
| 928 | മംഗല്യ ഡിസ്ട്രിബ്യൂട്ടേഴ്സ് | 4 |
| 958 | ഭാരത് ഹീറോ | 4 |
| 968 | അനുപമ ബേക്കറി | 5 |
| 983 | സൂംകാർട്ട് ലോജിസ്റ്റിക്സ് | 4 |
| 985 | സി.കെ. മറ്റീരിയൽസ് | 6 |
| 997 | ലൈഫ് മെഡിക്കൽ സെന്റർ | 4 |
| 1021 | ബെയ്ക്ക് ബേക്കറി& കൂൾബാർ | 4 |
| 1028 | അൽ റെയ്ദാൻ | 4 |
| 1043 | പ്രകാശ് ജ്വല്ലറി | 6 |
| 1050 | ന്യൂ ഭാരത് ടയേഴ്സ് | 4 |
| 1052 | എ.ബി.ജ്വല്ലറി വർക്സ് | 4 |
| 1099 | സ്മൈൽ ഡെന്റൽ കെയർ | 4 |
| 1164 | ട്രാൻസ്പരന്റ് എന്റർപ്രൈസസ് | 4 |
| 1165 | അറൈവൽസ് മെൻസ് അപ്പാരൽ | 8 |

| | | |
|---|---|---|
| 1173 | എ.എം.ജി.റൊട്ടാന മോട്ടോർസ് | 4 |
| 1197 | ഇംപീരിയൽ ടൈൽ സിറ്റി | 4 |

ഇത്തരത്തിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട് എന്നത് വ്യക്തമാണ്. ഫീൽഡ് പരിശോധന നടത്തി ഇത്തരം സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതും പരാമർശിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-13 FTE&OS ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2022 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 5411 (257 വേക്കൻസി റെമിഷൻ, 50 ഡീമോളിഷ് ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 1416പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് (3310 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. 2021-22 വർഷത്തിൽ ലഭ്യമായ 1416 ലൈസൻസ് അപേക്ഷകളിൽ 425 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ പല ലൈസൻസ് അപേക്ഷകളിലും സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം സംബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ നിർണ്ണയിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 അഡ്വാൻസ്/ഡെപ്പോസിറ്റ് ക്രമീകരിച്ചിട്ടില്ല.

1.അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല.

1.അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2018-19 വർഷം നൽകിയ തുക 2000 രൂപ ഉൾപ്പെടെ മുഴുവൻ തുകയും ക്രമീകരിച്ചിട്ടില്ല.

| തിയ്യതി | പേര് | തുക |
|---|---|---|
| 21.8.18 | ഇബ്രാഹിം.കെ.എം | 1000 |
| “ | കമല.കെ.കെ | 1000 |
| 18.8.21 | സനീഷ് കുമാർ.എൻ.കെ | 15000 |
| “ | ഇബ്രാഹിം.കെ.എം | 5000 |
| ആകെ | | 22000 |

ഇബ്രാഹിം.കെ.എം ന് മുൻവർഷത്തെ അഡ്വാൻസ് ക്രമീകരിക്കാതെ തുടർവർഷവും തുക നൽകിയതായി കാണുന്നു. കമല.കെ.കെ മുൻവർഷത്തെ അഡ്വാൻസ് ക്രമീകരിക്കാതെ തുടർവർഷം ലഭിച്ച തുക മാത്രമാണ് ക്രമീകരിച്ചിട്ടുള്ളത് .

2. Tour TA അഡ്വാൻസ് ഇനത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച 6750 രൂപ നിലവിലും ക്രമീകരിച്ചിട്ടില്ല.

3.advance To Others ഇനത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല.

| തിയ്യതി | | |
|---|---|---|
| 1.4.06 | പ്രേരക് ഹോണറേറിയം | 34800 |
| 31.3.19 | പ്രേരക് ഹോണറേറിയം | 107266 |
| 11.4.19 | പ്രേരക് ഹോണറേറിയം | 12100 |
| 22.4.19 | പ്രേരക് ഹോണറേറിയം | 12100 |
| 23.10.20 | Election Expense | 6000 |
| 11.11.20 | Motor Repair Work Expense | 22100 |

4.അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഗുണഭോക്തൃകമ്മിറ്റിയ്ക്ക് നൽകിയ 436500 രൂപ ക്രമപ്പെടുത്തിയിട്ടില്ല എന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും നിലവിലും ആയത് ക്രമീകരിച്ചിട്ടില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2.ഇലക്ഷൻ ഡെപ്പോസിറ്റ് ക്രമീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 52500/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. നാളിതുവരെ ഈ ഇനത്തിലുള്ള തുക മുതൽ കൂട്ടാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-15 റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിന് മണ്ണ് പ്രവൃത്തിയ്ക്ക് പ്രത്യേകയിനം ഉൾപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വയോജനകേന്ദ്രം പൂർത്തീകരണം (പ്രോ.നം.141/22) എന്ന പദ്ധതിയിൽ ആദ്യ എസ്റ്റിമേറ്റ് പുതുക്കി റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവയുടെ സ്ഥാപനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എക്സ്ട്രാ ഇനം 2 ആയി റെഡിമെയ്ഡ് പി.വി.സി. സെപ്റ്റിക് ടാങ്കിനും (ഐറ്റം 51.19.ST2), എക്സ്ട്രാ ഇനം 3 ആയി റെഡിമെയ്ഡ് കോൺക്രീറ്റ് സോക്ക് പിറ്റിനുമുള്ള (OD) ഇനങ്ങൾ ഉൾപ്പെടുത്തുകയും, ഇവ സ്ഥാപിക്കുന്നതിനുള്ള കുഴിയെടുക്കുന്നതിന് എക്സ്ട്രാ ഇനം 1 ആയി ഐറ്റം 2.8.1 ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ റെഡിമെയ്ഡ് ഇനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഇനങ്ങളുടെ വിവരണം പരിശോധിച്ചാൽ മണ്ണ് പ്രവൃത്തിയ്ക്കുള്ള നിരക്കു കൂടി ഈയിനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കാണാം. ടാങ്കുകൾ സ്ഥാപിക്കാനുള്ള കുഴിയെടുക്കുന്ന നിരക്കു കൂടി ഈയിനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നിരിക്കെ മണ്ണ് പ്രവൃത്തിയ്ക്ക് പ്രത്യേകയിനം ഉൾപ്പെടുത്തി തുക നൽകിയതെന്തിനെന്ന് വ്യക്തമല്ല.

അളവു പുസ്തകം 17/20-21 പേജ് 31 പ്രകാരം കുഴിയെടുക്കുന്നതിന് 11.59$m^3$ മണ്ണെടുക്കുകയും

ആയതിന് 165.07 രൂപ നിരക്കിൽ 1913.16/- രൂപ (ബിൽ നം.163/30.11.21) അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിൽ മണ്ണ് പ്രവൃത്തിയ്ക്ക് അധികമായി തുക അനുവദിച്ച സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ വിവരിച്ച വിധം അനാവശ്യമായി നൽകിയ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-16 പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പുതിയ നിർമ്മിതിക്കുള്ള ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

ഓഡിറ്റ് വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ അറ്റകുറ്റപണികളിൽ നിലവിലുള്ള കെട്ടിടത്തിന്റെ പെയിന്റിംഗിനായി പുതിയ നിർമ്മിതിക്ക് നൽകുന്ന പെയിന്റിംഗ് ഇനം ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

1. പഞ്ചായത്ത് ഓഫീസ് പെയിന്റിംഗും അനുബന്ധ പ്രവൃത്തികളും(പ്രോ.നം.222/22):-

പഞ്ചായത്ത് കെട്ടിടം പെയിന്റ് ചെയ്യുന്നതിന് 1,00,000/- രൂപ വികസനഫണ്ട് ജനറൽ ഫണ്ട് അടങ്കലിൽ തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. 99688/- രൂപ ചെലവഴിച്ച (ബിൽ നം.445/30.3.22) മേൽ പ്രോജക്ടിൽ നിലവിലെ ചുമരുകളുടെ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത് DSR 2018 ലെ ഇനം 13.44.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ പുതിയ നിർമ്മിതിയിൽ രണ്ടോ അതിലധികമോ കോട്ട് വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റ് 3.84kg/10 Sqm എന്ന തോതിൽ പൂശുന്നതിനുള്ളതാണെന്ന് വ്യക്തമാണ്. പഴയ നിർമ്മിതിയുടെ അറ്റകുറ്റ പണിയുടെ ഭാഗമായി വരുന്ന മേൽ പെയിന്റ് ഉപയോഗിച്ചുള്ള പ്രവൃത്തിയ്ക്ക് DSR ലെ 13.109.1, 13.109.2 എന്നീയിനങ്ങളാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. പഴയ നിർമ്മിതിയിൽ 2.2kg/10sqm എന്ന തോതിൽ പെയിന്റിംഗ് മതിയെന്നിരിക്കെ ഉയർന്ന അളവിലുള്ള ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. തെറ്റായയിനം ഉൾപ്പെടുത്തിയതു മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി.

| എസ്റ്റിമേറ്റിലെ ഐറ്റം 13.44.1പ്രകാരം നൽകിയ തുക(cost Index 36.44%) | ഐറ്റം 13.109.2 ഉൾപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടിവരുമായിരുന്ന തുക |
|---|---|
| 726.21$m^2$ X 108.06= 78474.25 | 726.21$m^2$ X 70.33= 51074.34 |
| അധികം നൽകിയ തുക =27400/- | |

2. ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം അറ്റകുറ്റ പണികൾ(പ്രോ.നം.17/22):-

ഗ്രാമപഞ്ചായത്തിന്റെ ലൈബ്രറിയും മറ്റും പ്രവൃത്തിയ്ക്കുന്ന കെട്ടിടത്തിൽ അനുബന്ധ സൗകര്യങ്ങൾ

ഏർപ്പെടുത്തുന്നതിനും കെട്ടിടത്തിന്റെ പെയിന്റിംഗ് നടത്തുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. പുതുതായി നിർമ്മിക്കുന്ന ഭാഗങ്ങളിൽ പെയിന്റിംഗ് പ്രവൃത്തികൾക്കായി DSR 2016ലെ ഇനങ്ങൾ 13.43.1, 13.44.1, 13.61.1 എന്നിവയും, നിലവിലുള്ള ഭാഗങ്ങളുടെ വൃത്തിയാക്കലിന് ഐറ്റം 14.46 ഉം, ഈ ഭാഗങ്ങളുടെ പെയിന്റിംഗിന്, 14.53.1, 14.54.1 എന്നീയിനങ്ങളും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ പഴയ നിർമ്മിതിയുടെ മുകളിലും പ്രൈമർ നൽകി പുതിയ നിർമ്മിതിയുടെ ഇനം ഉപയോഗിച്ച് പെയിന്റിംഗ് ചെയ്യുകയാണ് ചെയ്തതെന്ന് കാണുന്നു. ഇനം 14.53.1, 14.54.1 എന്നിവ ചെയ്യാതെ മുഴുവനായി ഒഴിവാക്കി. പ്രവൃത്തിയിൽ ഉണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ആദ്യ എസ്റ്റിമേറ്റ് പുതുക്കിയാണ് നിർമ്മാണം പൂർത്തീകരിച്ചത്. ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും യഥാർത്ഥത്തിൽ ചെയ്തതുമായ അളവുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| എസ്റ്റിമേറ്റിലെ ഐറ്റം നം | ഇനം | ആദ്യ എസ്റ്റിമേറ്റിലെ അളവ് | ചെയ്ത അളവ് |
|---|---|---|---|
| ഐറ്റം 17 | 13.43.1 Applying One Coat Of Water Thinnable Cement Primer.... | 229.423m$^2$ | 1605.93m$^2$ (334.1 +1271.83m$^2$ഐറ്റം 35പ്രകാരം സ്ക്രാപ് ചെയ്ത ഭാഗം) |
| ഐറ്റം 18 | 13.44.1 Finishing Walls With Water Proofing Cement Painting.... | 229.423m$^2$ | 1471.58m$^2$ (334.1 +1137.48m$^2$ പഴയ നിർമ്മിതിയിൽ) |
| ഐറ്റം 19 | 13.61.1 Painting With Synthetic | 63.556m$^2$ | 148.65m$^2$ (11.85m$^2$ +136.8m$^2$ |

| | | | |
|---|---|---|---|
| | Enamel Paint... | | പഴയ നിർമ്മിതിയിൽ) |
| ഐറ്റം 35 | 14.46 Removing Dry And Oil Bond Dystember, Water Proofing Cement Paint And Like By Scrapping... | 341.12m$^2$ | 1519.52m$^2$ (144.2+1271.83+103.49) |
| ഐറ്റം 36 | 14.53.1 Wall Painting With Plastic Emulsion Paint | 301.112m$^2$ | Not Executed |
| ഐറ്റം 37 | 14.54.1 Painting With Synthetic Enamel Paint... | 30.38m$^2$ | Not Executed |

മുകളിൽ വിവരിച്ച രീതിയിൽ ആദ്യ എസ്റ്റിമേറ്റിൽ ശരിയായ ഇനം ഉൾപ്പെടുത്തിയിട്ടും പ്രസ്തുത പ്രവൃത്തി ചെയ്യാതെ ഉയർന്ന അളവിൽ പെയിന്റ് പഴയ നിർമ്മിതിയ്ക്കു മുകളിൽ ഉപയോഗപ്പെടുത്താനുള്ള കാരണം വ്യക്തമല്ല. പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പ്രൈമർ കൂടി ഉൾപ്പെടുന്ന വിധത്തിലുള്ള ഇനങ്ങൾ DSR 2016ൽ ലഭ്യമായിരിക്കെ(ഇനം 14.64.1), ഇത് ഉപയോഗപ്പെടുത്താതെ പുതിയ നിർമ്മിതിയ്ക്കു നൽകുന്ന അളവിൽ പ്രൈമർ നൽകി അതിനു മുകളിൽ പെയിംന്റിംഗ് നടത്താനുണ്ടായ സാഹചര്യവും വ്യക്തമല്ല. മേൽ വിവരിച്ച രീതിയിൽ പുതിയ നിർമ്മിതിയ്ക്കുള്ള ഇനം ഉപയോഗപ്പെടുത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി.

| | | | |
|---|---|---|---|
| ചുവരുകളുടെ പെയിന്റിംഗ് | ഐറ്റം 18 (13.44.1) ഉപയോഗിച്ച് പഴയ നിർമ്മിതിയിൽ പെയിന്റിംഗിന് ചെലവഴിച്ച തുക | ഐറ്റം 36(14.53.1) ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടി വരുമായിരുന്ന തുക | അധിക ചെലവ് |
| | $1137.48m^2$ X 83.99= 95536.95 | $1137.48m^2$ X 72.41= 82364.93 | 13172.02 |
| ഗ്രിൽ/ജനൽ/ വാതിൽ പെയിന്റിംഗ് | ഐറ്റം 19(13.61.1 ) ഉപയോഗിച്ച് പഴയ നിർമ്മിതിയിൽ പെയിന്റിംഗിന് ചെലവഴിച്ച തുക | ഐറ്റം 37(14.54.1) ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടി വരുമായിരുന്ന തുക | |
| | $136.8m^2$ X 111.99= 15320.23 | $136.8m^2$ X 67.23= 9197.06 | 6123.17 |
| ആകെ അധികം വേണ്ടി വന്നത് | | | 19295.19 |

മുകളിൽ വിവരിച്ചതിനു പുറമേ പഴയ നിർമ്മിതിയിൽ പ്രൈമർ പൂശിയ ഇനത്തിൽ 67127.19/- രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. പഴയ നിർമ്മിതിയ്ക്കു മുകളിലെ പെയിന്റിംഗ് അറ്റകുറ്റ പണിക്കായി പ്രൈമർ അടക്കം ഉപയോഗപ്പെടുത്താനുള്ള കാരണം എസ്റ്റിമേറ്റ് റിപ്പോർട്ടിലെവിടെയും പരാമർശിച്ചിട്ടില്ല. അതുകൊണ്ടു തന്നെ മേൽ പ്രവൃത്തി അനാവശ്യമായിരുന്നുവെന്ന് കണക്കാക്കുന്നു. ഇതിനായി ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| ഐറ്റം 13.43.1 ഉപയോഗിച്ച് പഴയ നിർമ്മിതിയ്ക്ക് പ്രൈമർ നൽകിയ അളവ് | $1271.83m^2$ |
| ചെലവഴിച്ച തുക | $1271.83m^2$ X 52.78 =67127.19 |

മുകളിൽ വിവരിച്ച രണ്ടു പദ്ധതികളിലായി പഴയ നിർമ്മിതിയുടെ അറ്റകുറ്റപണിക്ക് പുതിയ നിർമ്മിതിയുടെ ഇനം തെരെഞ്ഞെടുത്തതിനാൽ ഉണ്ടായ അധിക ചെലവ് 46695.19 (27400+19295.19) രൂപയും, അനാവശ്യമായി പഴയ നിർമ്മിതിയ്ക്ക് പ്രൈമർ ഉപയോഗപ്പെടുത്തിയതിനാൽ ഉണ്ടായ 67127.19/- രൂപയുടെ അധിക ചെലവും ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതും, മേൽ സാഹചര്യങ്ങൾ വിശദീകരിക്കേണ്ടതുമാണ്.

1-17 വക്കീൽ ഫീസ് ഇനത്തിൽ അധികതുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ 21-22 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 8.11.21 ലെ വൗച്ചർ നം 22100770 പ്രകാരം 33000 രൂപ പേരാമ്പ്ര മത്സ്യമാർക്കറ്റുമായി ബന്ധപ്പെട്ട ബഹു. കേരളഹൈക്കോടതിയിലെ WPC 22947/2020 നം കേസിന് രണ്ടു തവണ ഹാജരായ ഇനത്തിൽ ശ്രീ.അഡ്വ.പി.സി.ശശിധരന് അനുവദിച്ചിട്ടുണ്ട്. വൗച്ചർ പ്രകാരം അഡ്വ. ഫീസായി 15000, മറ്റ് ചിലവുകൾ 1500 എന്നിങ്ങനെയാണ് 27.8.21 ലും 23.9.21 ലും ഹാജരാക്കിയ ബില്ലിൽ കാണിച്ചിട്ടുള്ളത്. 18.2.16 ലെ സ.ഉ ( എം.എസ്സ്) നം 36/16. L.S.G.D പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 15000/ രൂപ വരെയും വകുപ്പദ്ധ്യക്ഷന്മാരുടെ അനുമതിയ്ക്ക് വിധേയമായി 50000/ രൂപ വരെയും ഈ ഇനത്തിൽ ചിലവഴിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ 15000 ത്തിനു മുകളിൽ ചിലവഴിക്കാൻ വകുപ്പദ്ധ്യക്ഷന്റെ അനുമതി ലഭിച്ചോ എന്നു വ്യക്തമല്ല. അധിക തുക അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം നൽകിയ 3000 രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

1-18 പ്രവൃത്തിയുടെ സ്വഭാവം മുഴുവനായി മാറ്റിയപ്പോഴും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പ്രവൃത്തി നടത്തി

2021-22 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ സ്വഭാവം, നിർമ്മാണ സൈറ്റ് എന്നിവയിൽ മാറ്റമുണ്ടായിട്ടും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പുതുക്കി നടപ്പിലാക്കി.

| ക്രമ.നം. | പ്രവൃത്തി | ആദ്യ എസ്റ്റിമേറ്റിൽ | പുതുക്കി |
|---|---|---|---|

| | | വിഭാവനം ചെയ്തത് | നടപ്പാക്കിയത് |
|---|---|---|---|
| 1 | കോടതി റോഡ് ഓവുചാൽ നിർമ്മാണം, 143/22 | പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ മുൻവശത്തു കൂടി പോകുന്ന കോടതി റോഡിൽ മഴക്കാലത്ത് ശക്തമായ മഴവെള്ളത്തിന്റെ കുത്തിയൊലിപ്പ് കാരണം യാത്ര ദുസ്സഹമായതിനാൽ റോഡിന്റെ ഇരുവശങ്ങളിലും കോൺക്രീറ്റ് ഡ്രൈനേജ്, ക്രോസ് ഡ്രൈനേജ് എന്നിവ നിർമ്മിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി എസ്റ്റിമേറ്റ് തയ്യാറാക്കി | പഞ്ചായത്തിന്റെ സമീപത്തുള്ള സ്കൂളിന്റെ സൈഡിൽ കൂടി ഡ്രൈനേജ് നിർമ്മിച്ച് വെള്ളം ഒഴുക്കുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ ഡ്രൈനേജ് നിർമ്മാണം ഒഴിവാക്കി പ്രസ്തുത റോഡിന്റെ കോൺക്രീറ്റ് പ്രവൃത്തിയാണ് ചെയ്തത്. |
| 2 | ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ, 144/22 | പേരാമ്പ്ര ബസ് സ്റ്റാന്റിൽ നിലവിലുള്ള ലേഡീസ് കംഫർട്ട് സ്റ്റേഷനോട് ചേർന്ന് പബ്ലിക് റെസ്റ്റിംഗ് പ്ലേസ് നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തത്. | ഈ പദ്ധതിയ്ക്കായി 42ഓളം ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പ്രസ്തുത സ്ഥലത്ത് ഈ നിർമ്മാണം പ്രയോഗികമല്ല എന്ന |

| | | | |
|---|---|---|---|
| | | ഇരുനില നിർമ്മാണത്തിൽ താഴെ നിലയിൽ ടോയ് ലറ്റ്, ഫീഡിംഗ് റൂം എന്നിവയും മുകൾ നിലയിൽ റിക്രീയേഷൻ ഏരിയയും എന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി | കാരണത്താൽ മറ്റൊരു സ്ഥലത്ത് തികച്ചും വ്യത്യസ്തമായ ഡിസൈനിലും, അളവിലും നിർമ്മാണം നടത്തി. ആദ്യ എസ്റ്റിമേറ്റിലെ 26ഇനങ്ങൾ ഒഴിവാക്കി, പകരം 12എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. |

2012 ലെ കേരള പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 1601.1.4 പ്രകാരം ഒരു പ്രവൃത്തിക്കായി സാങ്കേതികാനുമതി ലഭിച്ച ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രവൃത്തിയിൽ മാറ്റങ്ങൾ ആവശ്യമാണെന്ന് ബോധ്യപ്പെട്ടാൽ ആദ്യ എസ്റ്റിമേറ്റ് റദ്ദ് ചെയ്ത് പുതിയ എസ്റ്റിമേറ്റ് (റീകാസ്റ്റ് എസ്റ്റിമേറ്റ്) തയ്യാറാക്കേണ്ടതും, ഈ എസ്റ്റിമേറ്റ് ആദ്യ എസ്റ്റിമേറ്റ് പോലെ കണക്കാക്കേണ്ടതുമാണ്. മേൽ പദ്ധതിയിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേ മാറ്റങ്ങൾ മനസ്സിലാക്കിയിട്ടും, പ്രവൃത്തിയുടെ സ്വഭാവത്തിൽ അടിമുടി മാറ്റമുണ്ടായിട്ടും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പുതുക്കി നടപ്പാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും, പ്രവൃത്തി ആരംഭത്തിനു മുമ്പേ മാറ്റങ്ങൾ മനസ്സിലാക്കിയിട്ടും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് സാങ്കേതികാനുമതി ലഭ്യമാക്കാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതും വിശദീകരിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് സ്ഥാപിക്കൽ

പ്രോജക്റ്റ് നമ്പർ 187/ 22 പ്രകാരം 765328/- രൂപ ചെലവഴിച്ച്, 291 തെരുവു വിളക്കുകളും പ്രോജക്റ്റ് നമ്പർ 168/22 പ്രകാരം 299819/- രൂപ ചെലവഴിച്ച 114 തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട് . ഇതുമായി ബന്ധപ്പെട്ട ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. 1.12.22 ന് കെ.എസ്.ഇ.ബി. പേരാമ്പ്ര നോർത്ത് സെക്ഷന്റെ സംയുക്ത പരിശോധന റിപ്പോർട്ടിൽ

പുതുതായി സ്ഥാപിച്ച തെരുവ് വിളക്കുകൾ ഉൾപ്പെട്ട് കാണുന്നില്ല.

2. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുൻപ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുവാദം വാങ്ങിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. പുതിയ ലൈറ്റുകൾ സ്ഥാപിക്കുമ്പോൾ അവിടെ ഉണ്ടായിരുന്ന പഴയ സാധനസാമഗ്രികളെ കുറിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-20 തുക കൈമാറിയെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 64/22 ലൂടെ ഹോമിയോ ഡിസ്പൻസറിയിലേയ്ക്കാവശ്യമായ മരുന്നിനായി 2,00,000/- രൂപ ഹോംകോയ്ക്ക് ബിൽ നമ്പർ 2/29.1.22 പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈമാറിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. ബാക്കി 48,090/- രൂപയുടെ മരുന്നു ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവ് തുക 2,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

### 1-21 ആവശ്യകത നിർണ്ണയിക്കാതെ/നിർവ്വഹണ സാധ്യത ഉറപ്പാക്കാതെ പദ്ധതികൾ ആവിഷ്കരിക്കുന്നു- പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം

2021-22 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ, പദ്ധതികളുടെ നിർവ്വഹണ സാധ്യത പരിശോധിക്കാതെ/യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കാതെ പദ്ധതി രൂപീകരിക്കുന്നതിനാൽ പ്രവൃത്തി കരാറുകാരെ ഏൽപ്പിച്ചു നൽകിയ ശേഷം പ്രവൃത്തികളുടെ സ്വഭാവത്തിൽ അടിമുടി മാറ്റങ്ങൾ വരുത്തുന്നതായും, എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്തുമ്പോഴേക്കും പദ്ധതി പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാകുന്നതായും, പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഒന്നിലധികം പുതിയ പ്രോജക്റ്റുകൾ വീണ്ടും രൂപീകരിക്കേണ്ടി വന്നതായും ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. <u>മരക്കാടി സ്ക്വയർ നിർമ്മാണം:-</u> പേരാമ്പ്ര മാർക്കറ്റ് പരിസരത്തുള്ള മരക്കാടി തോടിന്റെ നിലവിൽ സ്ലാബിട്ട ഭാഗത്ത് ഒരു ഓപ്പൺ സ്റ്റേജ് നിർമ്മിക്കാനാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി നിലവിലുള്ള സ്ലാബിനു മുകളിൽ 10cm കനത്തിൽ RCC സ്ലാബ് നിർമ്മിച്ച്, സോളിഡ് മേസൻറിയിൽ സൈഡ് വാൾ കെട്ടി, മണ്ണ് നിറച്ച്, തറ കോൺക്രീറ്റ് ചെയ്യുകയെന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഈ നിർമ്മാണത്തിനായി 2020-21 വർഷാവസാനം രൂപീകരിച്ച പദ്ധതി ടെണ്ടർ നടത്തി പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചത് 25.6.21നാണ്. നിലവിലുണ്ടായിരുന്ന കെട്ടിടം പഞ്ചായത്ത്

തന്നെ പൊളിച്ച് മാറ്റുന്ന രീതിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതെന്നും, എന്നാൽ കാലതാമസം കൂടാതെ പ്രവൃത്തി ആരംഭിക്കുന്നതിന് കെട്ടിടം കരാറുകാരൻ തന്നെ പൊളിച്ച് മാറ്റുന്നതിന് പ്രസ്തുത ഇനം കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ഭേദഗതി ചെയ്യാമെന്ന് 10.11.21ലെ 10/1 നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയതിനെ തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തി.

പ്രവൃത്തി ഫയൽ പരിശോധിച്ചാൽ മേൽ കാരണം മാത്രമല്ല എസ്റ്റിമേറ്റ് പുതുക്കുന്നതിലേയ്ക്ക് നയിച്ചതെന്ന് വ്യക്തമാണ്. ആദ്യ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതിൽ നിന്നും തികച്ചും വ്യത്യസ്തമായ രീതിയിലാണ് സ്റ്റേജിന്റെ ഡിസൈനും, നിർമ്മാണവും. കെട്ടിടം പൊളിച്ച് നീക്കുന്നതിന് രണ്ടു എക്സ്ട്രായിനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, വേറെ ഏട്ടോളം എക്സ്ട്രായിനങ്ങൾ സ്റ്റേജിന്റെ നിർമ്മാണത്തിനായി (ഭാഗികം) ഉൾപ്പെടുത്തിയിട്ടുണ്ട്. E3, E4 എന്നീയിനങ്ങൾ എസ്റ്റിമേറ്റ് പുതുക്കാൻ തീരുമാനമെടുക്കുന്നതിനു മുമ്പേ ചെയ്തതായി (13.9.21, 15.9.21) അളവു പുസ്തകത്തിൽ നിന്നും വ്യക്തമാണ്.

കൂടാതെ ഈ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി 2021-22ൽ രണ്ടു പുതിയ പ്രോജക്ടുകൾ വ്യത്യസ്ത മാസങ്ങളിലായി രൂപീകരിക്കേണ്ടി വന്നു. 1,40722/- രൂപ അടങ്കലിൽ നിർമ്മാണം നടത്താനായി രൂപീകരിച്ച ആദ്യ പ്രോജക്ടിന് ശേഷം യഥാക്രമം 3,00,000/-, 2,00,000/- രൂപ അടങ്കലിൽ പ്രോജക്ട് നം.47/22, 234/22 എന്നിവ രൂപീകരിച്ചാണ് ഈ നിർമ്മാണം പൂർത്തീകരിച്ചത്.

2. <u>കോടതി റോഡ് ഓവുചാൽ നിർമ്മാണം</u>:-പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ മുൻവശത്തു കൂടി പോകുന്ന കോടതി റോഡിൽ മഴക്കാലത്ത് ശക്തമായ മഴവെള്ളത്തിന്റെ കുത്തിയൊലിപ്പ് കാരണം യാത്ര ദുസ്സഹമായതിനാൽ റോഡിന്റെ ഇരുവശങ്ങളിലും കോൺക്രീറ്റ് ഡ്രൈനേജ്, ക്രോസ് ഡ്രൈനേജ് എന്നിവ നിർമ്മിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമാണ് 2020-21വർഷത്തിൽ പദ്ധതി വിഭാവനം ചെയ്തത്. 2021ഫെബ്രുവരി മാസം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു (എഗ്രി.നം.51/20-21/22.2.21). എന്നാൽ 10.11.21 ലെ 9/1 നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കി ഡ്രൈനേജ് നിർമ്മാണം ഒഴിവാക്കി റോഡ് കോൺക്രീറ്റ് ചെയ്യാൻ തീരുമാനിച്ചു. പഞ്ചായത്തിന്റെ സമീപത്തുള്ള സ്കൂളിന്റെ സൈഡിൽ കൂടി ഡ്രൈനേജ് നിർമ്മിച്ച് വെള്ളം ഒഴുക്കുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നുവെന്നാണ് ഇതിനുള്ള കാരണമായി രേഖപ്പെടുത്തിയത്.

പഞ്ചായത്ത് ഓഫീസിനു സമീപം വിഭാവനം ചെയ്ത ഈ പ്രവൃത്തിയുടെ നിർവ്വഹണ സാധ്യത പദ്ധതി രൂപീകരണ സമയത്ത് പരിശോധിക്കാതെ കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച ശേഷം സാങ്കേതിക ബുദ്ധിമുട്ട് കാണിച്ച് പ്രവൃത്തിയുടെ നിർമ്മാണ സ്വഭാവം മുഴുവനായി മാറ്റിയതിന്റ യുക്തി വ്യക്തമല്ല. എസ്റ്റിമേറ്റ് പുതുക്കുന്നതിനു തീരുമാനമെടുത്ത ശേഷം നാലു മാസങ്ങൾക്ക് ശേഷം മാത്രമാണ് മേൽ പ്രവൃത്തി കരാറുകാരൻ ആരംഭിക്കുന്നത് (7.3.22 ന്). വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പദ്ധതി നിർവ്വഹിച്ചപ്പോഴേക്കും പൂർത്തീകരണത്തിന് ഒരുവർഷത്തോളം കാലതാമസമുണ്ടായി.

3. വെങ്ങപ്പറ്റ റോഡ് മുതൽ മണിക്കുലുക്കി റോഡ് വരെ നടപ്പാത:- നിലവിലെ ഡ്രൈനേജ് സൈഡ് ഡി.ആർ. മേസൻറി ഉപയോഗിച്ച് കെട്ടി സംരക്ഷിച്ച്, മണ്ണ് ഫിൽ ചെയ്ത് അതിനുമുകളിൽ ക്വാറിമക്കിട്ട് നടപ്പാത കോൺക്രീറ്റ് ചെയ്യാനാണ് 2020-21വർഷത്തിൽ പദ്ധതി രൂപീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ടെണ്ടർ ചെയ്ത് 6.10.20ന് പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചു നൽകി. എന്നാൽ 22.2.21ലെ 5/9തീരുമാന പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം നടത്തുന്നതിന് അനുമതി നൽകി. ഇതിനുള്ള കാരണമായി രേഖപ്പെടുത്തിയത് ഡ്രൈനേജിന് കവറിംഗ് വേണമെന്ന് ഗുണഭോക്താക്കൾ ആവശ്യപ്പെട്ടതിനാൽ ആയതിനനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുവെന്നാണ്. അളവ് പുസ്തകം പരിശോധിച്ചാൽ ഡി.ആർ. കെട്ട് പൂർണ്ണമായി ഒഴിവാക്കി ഡ്രൈനേജ് ഇരുവശവും കോൺക്രീറ്റ് വാൾ നിർമ്മിച്ച് സ്ലാബിട്ടുയാണ് ചെയ്തിരിക്കുന്നതെന്ന് കാണാം. നടപ്പാതയ്ക്കായി മണ്ണ് നിറച്ചെങ്കിലും കോൺക്രീറ്റ് ചെയ്തില്ല.

പദ്ധതി വിഭാവനം ചെയ്തപ്പോൾതന്നെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാത്താതെ/ആരായാതെയാണ് രൂപീകരണം നടന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി നൽകിയതിനു ശേഷം എട്ടു മാസം കഴിഞ്ഞാണ് ഈ പ്രവൃത്തി ആരംഭിച്ച്(20.10.21)പൂർത്തീകരിക്കുന്നത്.

മേൽ വിവരിച്ചവ ഉദാഹരണങ്ങൾ മാത്രമാണ്. പഞ്ചായത്തിൽ ഓഡിറ്റ് വർഷം രൂപീകരിച്ച ഭൂരിഭാഗം അറ്റകുറ്റ പണികളും(കെട്ടിടങ്ങളുടെ) എസ്റ്റിമേറ്റ് പുതുക്കിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തി ആരംഭിക്കുന്നതിന്/പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മേൽ കാണിച്ച പ്രകാരം കാലതാമസം ഉണ്ടായ സാഹചര്യത്തിലൊന്നും നിർവ്വഹണ ഉദ്യോഗസ്ഥനോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരൊന്നും ഇതു സംബന്ധിച്ച മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കാതെ/നിർവ്വഹണ സാധ്യത പരിശോധിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ രീതിയിൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതു മൂലം പഞ്ചായത്തിന് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും, ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും സ്പിൽഓവർ പദ്ധതികൾക്കായി ചെലവഴിക്കേണ്ടതായും വന്നിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതും ശരിയായ ആസൂത്രണത്തോടെ മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതുമാണ്.

## 1-22 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - അപാകത

വടകര കേരള വാട്ടർ അതോറിറ്റിയുടെ 13.04.2021 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക 275326 രൂപയും ഫൈൻ ആയി 5389 രൂപയും അടവാക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. തുടർന്ന്

16.03.2022 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ,കുടിശ്ശിക 3,45,154 രൂപയും ഫൈൻ 6849 രൂപയുമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം 86/22, 193/22, 227/22 എന്നീ പ്രൊജക്ടുകൾ പ്രകാരം എല്ലാ മാസവും 69831/- രൂപ വീതം അടവാക്കിയിട്ടുണ്ട്.

1. കുടിശ്ശികയും ഫൈനും എങ്ങനെ വന്നുവെന്നും ആയത് ഒഴിവാക്കാൻ കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട എന്ത് നടപടികൾ സ്വീകരിച്ചു എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ബി5/7603/18 നമ്പർ ഫയൽ പ്രകാരം, പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന 27.06.2018, 16.7.2018, 21.07.2018, 2.8.2018 എന്നീ തിയ്യതികളിൽ നടത്തിയതായും, നിലവിൽ പ്രവർത്തിക്കുന്ന പൊതു ടാപ്പുകൾ 129 ആണെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട് എന്നും പറയുന്നുണ്ട്.

3. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ പൊതുടാപ്പുകളുടെ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കണം.

എന്നാൽ ഇപ്പോഴും കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ കാണിച്ചിരിക്കുന്ന 152 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കി പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം 129 ആക്കി കുറയ്ക്കാൻ നടപടികൾ സ്വീകരിക്കാതെ അധികം തുക ഇപ്പോഴും അടച്ചു കൊണ്ടിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

### 1-23 പ്രവൃത്തിയിൽ വൻ അന്തരമുണ്ടായിട്ടും എസ്റ്റിമേറ്റ് പുതുക്കാതെ പ്രവൃത്തി നടത്തി

പ്രോജക്ട് : വയോജന സൗഹൃദകേന്ദ്രം നവീകരണം, നം. 211/22

അടങ്കൽ : 106000/- വികസനഫണ്ട് ജനറൽ

ചെലവ് : 105844/-(ബിൽ നം.413/25.3.22)

പഞ്ചായത്തിലെ വാർഡ് 15 ലെ വയോജന സൗഹൃദ കെട്ടിടം നവീകരിക്കുന്നതിനാണ് ഈ പദ്ധതി തയ്യാറാക്കിയത്. കെട്ടിടത്തിൽ സിമന്റ് ബോർഡ് ഉപയോഗിച്ച് സീലിംഗ് ചെയ്യുന്നതിനും, പ്ലംബിംഗ് പ്രവത്തി ചെയ്യുന്നതിനുമായി ആകെ ആറിനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി. പദ്ധതിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ വിഭാവനം ചെയ്ത പ്രവൃത്തികളുടെ അളവിൽ വൻഅന്തരം ഉണ്ടായിട്ടുള്ളതായും, ചില പ്രവൃത്തികൾ പൂർണ്ണമായും ഒഴിവാക്കിയതായും കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | എസ്റ്റിമേറ്റിലെ അളവ് | ചെയ്ത അളവ് | വ്യത്യാസം | ബിൽ കണക്കാക്കിയ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | അളവ് |
| 10.25.2 Steel Work Welded.... | 129.6kg | 198.24Kg | 52.96% | 162kg |
| 12.26.2 Providing And Fixing Plain Multipurpose Cememt Board... | $72m^2$ | $86.97m^2$ | $20.79m^2$ | $20.79m^2$ |
| 10.29.1 Providing And Fixing Fly Proof Wire Guaze... | $6.48m^2$ | $6.48m^2$ | - | $6.48m^2$ |
| 17.7.1 Providing And Fixing Wasg Basin... | ഒരെണ്ണം | ചെയ്തില്ല | 100% | - |
| 50.18.7.2.2 Providing And Fixing PVC Pipes 20mm Dia | 10m | ചെയ്തില്ല | 100% | - |
| 50.18.7.4.1 Providing And Fixing PVC Pipes 32mm Dia | 7m | ചെയ്തില്ല | 100% | - |

മേൽ രീതീയിൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച അളവിൽ പ്രവൃത്തി നടത്തിയിട്ടും എസ്റ്റിമേറ്റ് പുതുക്കാതെ അളവിലുണ്ടായ വർദ്ധനവ് 25% ൽ ലിമിറ്റ് ചെയ്ത് ബിൽ തുക കണക്കാക്കി കരാറുകാരന് നൽകുകയാണുണ്ടായത്. പി.ഡബ്ല്യു.ഡി. മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇത്തരത്തിൽ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശരിയായ പരിശോധന നടത്തുന്നില്ലെന്നും, ആവശ്യകത കൃത്യമായി ഉറപ്പാക്കുന്നില്ലെന്നും പ്രവൃത്തിയിലുണ്ടായ അളവിന്റെ വ്യതിയാനം വ്യക്തമാക്കുന്നു. പ്രവൃത്തിയുടെ അളവിൽ വ്യക്തമായ മാറ്റം ഉണ്ടായ സാഹചര്യത്തിലും എസ്റ്റിമേറ്റ് പുതുക്കാൻ നടപടി സ്വീകരിക്കാതെ 25% വർദ്ധനവിലൊതുക്കി ബിൽ തുക നൽകുന്ന രീതി അംഗീകരിക്കാവുന്നതല്ല. മേൽ സാഹചര്യം വിശദീകരിക്കാത്തതിനാൽ ചെലവഴിച്ച 105844/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-24 പോഷകാഹാരവിതരണം-മോണിറ്ററിംഗ് ഫലപ്രദമല്ല.

ഗ്രാമപഞ്ചായത്തിലെ 28 അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിന്റെ ഭാഗമായി 21-22 സാമ്പത്തിക വർഷം താഴെ ചേർക്കും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 55/21-22 അനുപൂരക പോഷകാഹാര പദ്ധതി. | 3898050 | 3898050 |
| 2. | 72/21-22 അനുപൂരക പോഷകാഹാര പദ്ധതി. (എസ്സ്.സി) | 300000 | 300000 |

പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി

വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്

1-25 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് രൂപീകരിച്ച് നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ചിതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വിവിധ പോരായ്മകൾ കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

I. എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും (റോഡ് പ്രവൃത്തികളുൾപ്പെടെ) പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. വിവിധ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മിക്ക എസ്റ്റിമേറ്റുകളും യഥാർത്ഥ ആവശ്യകത മനസ്സിലാക്കാതെയും, ശരിയായ സൈറ്റ് പരിശോധന നടത്താതെയും, അശ്രദ്ധയോടെയും തയ്യാറാക്കിയതു മൂലമാണ് പുതുക്കേണ്ടി വന്നതെന്ന് വ്യക്തമാകുന്നു. ഓഡിറ്റ് എൻക്വയറി 2/21-22ൽ കാണിച്ച പ്രവൃത്തികൾ ഇതിനുദാഹരണങ്ങളാണ്.

II. എസ്റ്റിമേറ്റിൽ തെറ്റായ ഇനങ്ങൾ /ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉൾപ്പെടുത്തുന്നു

പഞ്ചായത്തിൽ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ചിലയിനങ്ങൾക്കായി തെരെഞ്ഞെടുക്കുന്ന/തയ്യാറാക്കുന്ന (OD) ഇനങ്ങൾ പ്രവൃത്തിക്കനുയോജ്യമല്ലാത്തതും, ഉയർന്ന നിരക്കിലുള്ളതുമാണെന്ന് കാണുന്നു. ഉദാഹരണമായി, റോഡ് പ്രവൃത്തികളോടനുബന്ധിച്ച് നടത്തിയ കൾവെർട്ട് പ്രവൃത്തിയ്ക്കായി മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്കായി ഉൾപ്പെടുത്തിയത് ഐറ്റം നമ്പർ 11.1.1.1 ആണ്(പ്രോ.നം. 162/22വാളംപൊയിൽ പുത്തൻകുളങ്ങര കനാൽ റോഡ്). ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ചെറിയ ആഴത്തിൽ (പരമാവധി ഒരു മീറ്റർ) മാത്രമുള്ള ഈ സാധാരണ മണ്ണ് പ്രവൃത്തിയ്ക്ക് കൂടുതൽ നിരക്കുള്ള ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

ഇതേ പ്രവൃത്തിയിൽ കൾവെർട്ടിന്റെ അടിഭാഗം(കൾവെർട്ട് ബെഡ്) കോൺക്രീറ്റ് ചെയ്യുന്നതിനു മുമ്പായി കരിങ്കല്ല് പാകിയിട്ടുണ്ട്. ഇതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഡി.ആർ. മേസൻറിയ്ക്കുള്ള ഇനമാണ്(OD). PRICEൽ ഐറ്റം 60.7.2 ആയി ഡി.ആർ. പാക്കിംഗിന് ഐറ്റം ലഭ്യമായിരിക്കെ ആയത് ഉൾപ്പെടുത്താതെ തെറ്റായ ഉയർന്ന നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

III. വിഭാവനം ചെയ്ത പ്രവൃത്തികൾ അപൂർണ്ണമായി പൂർത്തീകരിക്കുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ മുഴുവനായി നിർമ്മിക്കാതെ അപൂർണ്ണമായി നടപ്പാക്കുന്നതായി ശ്രദ്ധയിൽപെട്ടു. പരിശോധിച്ച പല പ്രവൃത്തികളിലും ആദ്യം വിഭാവനം ചെയ്ത പ്രവൃത്തികളിൽ മാറ്റം വരുത്തുകയും (പുതുക്കി) ഇത്തരത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ ചെയ്യാതെ ഒഴിവാക്കുന്ന രീതി നിലനിൽക്കുന്നു. പഞ്ചായത്ത് ഓഫീസിന്റെ അറ്റകുറ്റപണി, വയോജന സൗഹൃദ കേന്ദ്രം നവീകരണം എന്നീ പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയപ്പോൾ ആദ്യം വിഭാവനം ചെയ്ത പല പ്രവൃത്തികളും ഒഴിവാക്കേണ്ടി വന്നത് ഇതിനുദാഹരണമാണ്.

IV. അശ്രദ്ധയോടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പല എസ്റ്റിമേറ്റുകളും തയ്യാറാക്കുമ്പോൾ മുഴുവൻ പ്രവൃത്തിയ്ക്കാവശ്യമായ ഇനങ്ങൾ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കുന്നില്ല. ഇതു മൂലം പ്രവൃത്തി ആരംഭിച്ചശേഷം എസ്റ്റിമേറ്റ് പുതുക്കുന്നതിലേയ്ക്കും ഇതു വഴി പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനും കാരണമാകുന്നു. പ്രോജക്ട് നമ്പർ 17/22 സാംസ്കാരിക നിലയം അറ്റകുറ്റപണിയിൽ നിലവിലെ ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് ആദ്യ എസ്റ്റിമേറ്റിൽ തെറ്റായ ഇനം (15.10.2) ഉൾപ്പെടുത്തിയതും, പിന്നീട് എസ്റ്റിമേറ്റ് പുതുക്കിയ സമയം യഥാർത്ഥയിനം(15.7.4) ഉൾപ്പെടുത്തിയതും ഇതിനുദാഹരണമാണ്.

V.പ്രവൃത്തി പൂർത്തീകരണശേഷം എസ്റ്റിമേറ്റ് പുതുക്കുന്നു

പഞ്ചായത്തിൽ ചില സന്ദർഭങ്ങളിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയ ശേഷം എസ്റ്റിമേറ്റ് പുതുക്കി തുക നൽകുന്നത് ശ്രദ്ധയിൽപ്പെട്ടു. ഉദാഹണമായി, മരക്കാടി സ്ക്വയർ നിർമ്മാണം പ്രവൃത്തിയിലെ പുതുക്കിയ എസ്റ്റിമേറ്റിലെ E3, E4എന്നീയിനങ്ങൾ എസ്റ്റിമേറ്റ് പുതുക്കാൻ തീരുമാനമെടുക്കുന്നതിനു മുമ്പേ ചെയ്തതായി(13.9.21, 15.9.21) അളവു പുസ്തകത്തിൽ നിന്നും വ്യക്തമാണ്. പ്രോജക്ട് നം. 17/22 സാംസ്കാരിക നിലയം അറ്റകുറ്റ പണിയിലും E1 പ്രവൃത്തിയും, പുതുതായി ഉൾപ്പെടുത്തിയ നിർമ്മാണത്തിനുള്ള മണ്ണ് പ്രവൃത്തിയും എസ്റ്റിമേറ്റ് പുതുക്കുന്നതിനു മുമ്പേ നടത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.

എസ്റ്റിമേറ്റുകൾ മേൽ അപാകതകളോടെ തയ്യാറാക്കുന്നതിന് വിശദീകരണം

ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലർ ഇവിടെ പ്രസക്തമാണ്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും, മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.

അസി.സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്റ്റ് നമ്പർ 52/22 പ്രകാരം, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 15,83,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴെ കൊടുക്കുന്ന 2 പേർക്ക് 2021-22 വർഷം ആദ്യഗഡു നൽകിയിട്ടും നാളിതുവരെയായി പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| | ആദ്യ ഗഡു നൽകിയ തിയ്യതി | ആകെ നൽകിയത് |
|---|---|---|
| 1. റീജ, എടവനാട് | 28.9.2021/50,000 | 1,15,000 |
| 2.ധന്യ, ചാത്തോത്ത് മീത്തൽ, മരുതേരി | 5.3.2021/50,000 | 81,800 |

പഠനമുറി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 2021-22 വർഷം പഠനമുറി പൂർത്തിയാക്കിയെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയ 12 ഗുണഭോക്താക്കളുടെയും പഠനമുറി പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 ഒരു പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ ബില്ലുകൾ പുതിയ പദ്ധതികൾ രൂപീകരിച്ച് നൽകി

പേരാമ്പ്ര പഞ്ചായത്തിൽ വർഷങ്ങളായി നടന്നു വരുന്ന പ്രവൃത്തിയാണ് കാർഷിക വിപണന കേന്ദ്രം നിർമ്മാണം. 2021-22 വർഷത്തിലും ഈ പ്രവൃത്തി സ്പിൽഓവർ പദ്ധതിയായി ഉൾപ്പെട്ടിട്ടുണ്ട് (പ്രോ.നം. 123/22). പഞ്ചായത്തിന്റെ തനതുഫണ്ടും, വായ്പയും അടങ്കലായി വിഭാവനം ചെയ്ത പദ്ധതിയുടെ ഓഡിറ്റ് വർഷത്തെ അടങ്കൽ 1,63,71,312/- രൂപയാണ് (വായ്പ). ഈ പദ്ധതിയിൽ 16,89,928/- രൂപയുടെ പാർട്ട് ബിൽ ചെലവ് ഉണ്ടായിട്ടുണ്ട്. ഐ.കെ.എം. ചെലവു പത്രിക പ്രകാരം കാർഷിക വിപണന കേന്ദ്രത്തിൽ ഫയർ ആന്റ് സേഫ്റ്റി സൗകര്യമൊരുക്കൽ പൂർത്തീകരണം (പ്രോ.നം.221/22), കാർഷിക വിപണന കേന്ദ്രം ഫയർ ആന്റ് സേഫ്റ്റി സംവിധാനം ഒരുക്കൽ(പ്രോ.നം.235/22) എന്നീ പേരുകളിൽ രണ്ടു പുതിയ പദ്ധതികൾ യഥാക്രമം 6,68,800/-, 293444/- രൂപ CFC,വികസനഫണ്ട് ജനറൽ ഫണ്ട്

അടങ്കലിൽ രൂപീകരിച്ച് നടപ്പാക്കിയതായി കാണുന്നു.

മേൽ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ ആദ്യ പദ്ധതിയിൽ (പ്രോ.നം. 123/22)ഉൾപ്പെടുത്തി നടപ്പാക്കിയ ഫയർ ആന്റ് സേഫ്റ്റി സൗകര്യങ്ങളുടെ രണ്ടാമത്തേയും അവസാനത്തേതുമായ ബിൽ തുകയിൽ (19,62,244/-) പത്തു ലക്ഷം രൂപ തനതുഫണ്ടിൽ നിന്നും നൽകിയ ശേഷം ബാക്കി തുക നൽകുന്നതിനാണ് ഈ പദ്ധതികൾ രൂപീകരിച്ചതെന്ന് വ്യക്തമാകുന്നു. 2018-19 കാലയളവിൽ പൂർത്തീകരിച്ച (അളവു പുസ്തകപ്രകാരം) ഫയർ ആന്റ് സേഫ്റ്റി പ്രവൃത്തിയുടെ ആകെ ചെലവു തുക 25,99,194/- രൂപയാണ്. പ്രവൃത്തി പൂർത്തീകരിച്ച് വർഷങ്ങൾക്ക് ശേഷം ബിൽതുക നൽകാനുണ്ടായ സാഹചര്യവും, ഇതിനായി മറ്റു ഫണ്ടിനങ്ങൾ ഉൾപ്പെടുത്തി പുതിയ പദ്ധതികൾ രൂപീകരിക്കാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സർക്കാർ ഉത്തരവ്(കൈ) നം.11/2018/ ത.സ്വ.ഭ.വ., തിയ്യതി:29.01.2018 യിലെ ഖണ്ഡിക 5.1.3 പ്രകാരം തനതു/പൊതുആവശ്യഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബഡ്ജറ്റിൽ മാറ്റി വച്ചശേഷം മിച്ചമുള്ള തുക തനതുഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താം. ഖണ്ഡിക 5.1.5പ്രകാരം, ഇപ്രകാരം തനതുഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രോജക്ടുകളിൽ തനതുഫണ്ടിനു പകരം മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. തനതുഫണ്ട്/വായ്പ അടങ്കലായി വിഭാവനം ചെയ്ത് നടപ്പാക്കിയ പ്രവൃത്തിയുടെ നിർവ്വഹണ ശേഷം ഫണ്ടിനം മാറ്റി പുതിയ പദ്ധതി രൂപീകരിച്ച് ചെലവു നടത്തിയത് അംഗീകരിക്കാവുന്നതല്ല. ഇത്തരത്തിൽ ചെലവഴിച്ച 9,62,244/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ഈ ചെലവിന്റെ കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-28 പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം - കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കിയില്ല

ഓഡിറ്റ് വർഷം പ്രോജക്റ്റ് നമ്പർ 136/22 ആയി നിർവ്വഹണം നടത്തിയ പദ്ധതിയാണ് നീലോത്ത് കുടിവെള്ള പദ്ധതി. പദ്ധതി ഫയൽ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ രൂപീകരിച്ചതാണ് ഈ പദ്ധതിയെന്ന് വ്യക്തമാകുന്നു (പ്രോ.നം.84/20). പ്രസ്തുത വർഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കെ.കെ. അഷ്റഫ് എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് 66/19-20/21.1.20 നമ്പർ കരാർ ചമച്ചു. പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ ഈ പ്രവൃത്തി ആരംഭിക്കുന്നത് 21.10.21നും പൂർത്തീകരിക്കുന്നത് 13.12.21 മാണെന്ന് കാണുന്നു. കരാർ ചമച്ച് പ്രവൃത്തി ഏൽപ്പിച്ച ശേഷം ഏകദേശം

രണ്ടു വർഷത്തോളം പദ്ധതി നിർവ്വഹണം ആരംഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. സാങ്കേതികാനുമതി പ്രകാരം 6മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. എന്നാൽ ഈ കാലയളവിനുള്ളിൽ നിർവ്വഹണം ആരംഭിക്കാത്ത സാഹചര്യത്തിൽ കാലവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിക്കുകയോ, നിർവ്വഹണോദ്യോഗസ്ഥൻ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവരൊന്നും ആയതിന്റെ കാരണം അന്വേഷിക്കുകയോ, യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇടപെടൽ നടത്തുകയോ ചെയ്തിട്ടില്ല. കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തുക നൽകിയപ്പോൾ നിയമാനുസൃത പിഴയും ഈടാക്കിയില്ല.

പ്രവൃത്തി ആരംഭിക്കാനുണ്ടായ കാലതാമസവും, ഇക്കാലയളവിലൊന്നും ബന്ധപ്പെട്ടവരുടെ ഇടപെടലുകളുണ്ടാകാതിരുന്നതിന്റെയും, ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കാതിരുന്നതിന്റെയും കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ സാഹചര്യം വിശദീകരിക്കേണ്ടതും നിയമാനുസൃത പിഴ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-29 ഭവനപദ്ധതികൾ പൂർത്തീകരിക്കാത്തതുസംബന്ധിച്ച്

21-22 ൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ലൈഫ് പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രോജക്ടുകളിൽ വന്ന ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം- 60/21-22 .ലൈഫ്. SC

അടങ്കൽ- 28282524

ചെലവ് തുക- 5360000

ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

| ഗുണഭോക്താക്കൾ | കൈപറ്റിയ ഗഡു | അവസാന ഗഡുകൈപറ്റിയ തിയ്യതി |
|---|---|---|
| നാരായണൻ/വാർഡ്.6 | 40000 | 20-1-19 |
| മാധവി / വാർഡ്.7 | 20000 | 1.10.22 |
| മല്ലിക/വാർഡ്.11 | 40000 | 24.8.22 |
| കമല/വാർഡ്.1 | 40000 | 17.1.22 |

പ്രോജക്റ്റ്നം -16 ലൈഫ്. ജനറൽ

അടങ്കൽ -8294200

ചെലവ്തുക- 2294200

നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവ്

| ഗുണഭോക്താക്കൾ | കൈപറ്റിയ ഗഡു | അവസാന ഗഡുകൈപറ്റിയ തിയ്യതി |
|---|---|---|
| ലക്ഷി അമ്മ/ വാർഡ്.5 | 40000 | 24-9-18 |

നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്

1-30 വരൾച്ച – കുടിവെള്ള വിതരണം -

പ്രോജക്ട് നമ്പർ 1. 9/22

2. 89/22

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് വേണ്ടി തയ്യാറാക്കിയ പ്രൊജക്ട് പ്രകാരം, കുടിവെള്ള വിതരണം നടത്തുകയും 5,60,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. 25.02.2021 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിച്ചത് 2000, 3000 ലിറ്റർ /കിലോമീറ്ററിനാണ്. എന്നാൽ ടെണ്ടർ അംഗീകരിച്ചത് 4000 ലിറ്റർ / കിലോമീറ്ററിനാണ്. ക്വട്ടേഷൻ ക്ഷണിച്ചതിൽ നിന്നുള്ള വ്യത്യസ്ത നിരക്ക് അംഗീകരിക്കാൻ കാരണം എന്തെന്ന് വ്യക്തമല്ല.
2. ടെണ്ടർ നിബന്ധനകൾ പ്രകാരം ജി.പി.എസ്. സംവിധാനവുമായി ബന്ധപ്പെട്ട ചെലവുകൾ കരാറുകാരൻ വഹിക്കേണ്ടതാണ്. എന്നാൽ ജി.പി.എസ്. ഘടിപ്പിക്കലും, വാടക ഉൾപ്പെടെ 5192/- പഞ്ചായത്ത് ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല.
3. കരാറുകാരനുമായി സെക്രട്ടറി 200/- രൂപ മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.
4. പഞ്ചായത്ത് നിയമിച്ച ചാർജ്ജ് ഓഫീസർ കുടിവെള്ള വിതരണം മോണിറ്ററിംഗ് നടത്തിയതിന്റെയും ജലവിതരണ അളവ് പരിശോധിച്ചതിന്റെയും രേഖ ഫയലിൽ ലഭ്യമല്ല.
5. പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം ആകെ ചെലവ് 55,93,783/- രൂപയാണ്. എന്നാൽ കരാറുകാരന് നൽകിയത്. 5,60,000/- രൂപ മാത്രമാണ് ബാക്കി തുക ജില്ലാ ആസൂത്രണസമിതിയിൽ നിന്നും പ്രൊജക്ടിന് അനുമതി ലഭിച്ച ശേഷം അനുവദിക്കാവുന്നതാണെന്ന് ഫയലിൽ

രേഖപ്പെടുത്തിയിരിക്കുന്നു.

ബാക്കി തുക നൽകിയത് സംബന്ധിച്ച വിരങ്ങൾ ഫയലിൽ ലഭ്യമല്ല. തുക നൽകിയതിന്റെയും ഇത് സംബന്ധിച്ച കരാറുകാരനെ അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-31 വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ്നം .70/21-22

അടങ്കൽ .1900000

ഫണ്ട് .എസ്സ്.സി.പി

ചെലവ് തുക . 1550000

വീട് വാസയോഗ്യമാക്കൽ (എസ്സ്.സി) പദ്ധതിയുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 19 പേർക്ക് ധനസഹായം അനുവദിച്ചിരുന്നു. രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

ഗുണഭോക്താവിന്റെ പേര്. കൈപ്പറ്റിയ തുക

1. ശ്രീ. ശ്രീധരൻ, വാർഡ് നം .12 50000/18.10.21

പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വ്യത്യസ്ത രീതിയിൽ റോഡ് കണക്കാക്കിയതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം

ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച് വസ്തു നികുതി നിർണ്ണയിക്കുകയും നിലവിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ പേരാമ്പ്ര ബസ് സ്റ്റാന്റിന് സമീപം ശ്രീമതി കാർത്ത്യായനി അമ്മ, കൈതാവിൽ, മേഞ്ഞാണ്യം എന്നവർക്ക് BA-6/20-21 29.7.20 നമ്പർ പെർമിറ്റ് പ്രകാരം ഗ്രൗണ്ട് ഫ്ലോർ 292.60 ഒന്നാം നില 362.32 രണ്ടാം നില 15.42 എന്നിങ്ങനെ ആകെ 670.34 ച.മീറ്ററിലുള്ള വാണിജ്യ

കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. നിർമ്മിച്ച കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ 300.68 ച.മീ ,ഒന്നാം നില 362.32ച.മീ, രണ്ടാം നില 15.42 ച.മീ എന്നിങ്ങനെ ആകെ 678.42 ച.മീറ്റർ വിസ്തീർണ്ണമുള്ളതാണ്. 8.08 ച.മീ അധികനിർമ്മാണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 12/962 A,B,C,D എന്നീ നമ്പറുകൾ നൽകി നിർമ്മാണത്തിന് "വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിങ്ങ് മാളുകൾ " എന്ന ഉപയോഗക്രമത്തിൽ പെടുത്തി 70 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. ആകെ 678.42 ച.മീ. വിസ്തൃതിയുള്ള ഈ കെട്ടിടത്തിന്റെ 146.17 ച.മീ. വിസ്തൃതിയിലുള്ള ഗ്രൗണ്ട് ഫ്ലോറിന് 26.11.21 ന് 12/962 A , ഒന്നാം നില 193.44+ ഗ്രൗണ്ട് ഫ്ലോർ 14.22 =207.66 8.3.22ന് 12/962 B, ഒന്നാം നില 168.88+രണ്ടാംനില 15.42=184.3 23.3.22ന് 12/962 C, ഗ്രൗണ്ട് ഫ്ലോർ 140.29 ച.മീ 7.7.22 ന് 12/962 D എന്നിങ്ങനെ നമ്പർ നൽകി "വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 70 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. 12/962 A യ്ക്ക് പേരാമ്പ്ര കള്ള് ഷാപ്പ് റോഡ് 5 മീറ്ററിൽ കൂടുതൽ എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 12/962 B, 12/962 C,12/962 D എന്നിവയ്ക്ക് പേരാമ്പ്ര കള്ള് ഷാപ്പ് റോഡ് 1.5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തിയതിനാൽ നികുതി ഇനത്തിൽ 20% കുറവ് ഉണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ (വിസ്തീർണ്ണം) | ഈടാക്കിയ നികുതി (സഞ്ചയ പ്രകാരം) | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|
| 12/962 B(207.66 ച.മീ) | 13811 | 207.66 X 70=14536<br>14536x20%=2907<br>(വഴി വർദ്ധന)<br>14536+2907=17443<br>17443x5%=872 | 16571-13811=2760 |

| | | | |
|---|---|---|---|
| | | (ബഹുനില വാണിജ്യ ഇളവ്) 17443-872=16571 | |
| 12/962 C(184.3 ച.മീ) | 12256 | 184.3 X 70 =12901<br>12901x20%=2580<br>(വഴി വർദ്ധന)<br>12901+2580=15481<br>15481x5%=774<br>(ബഹുനില വാണിജ്യ ഇളവ്)<br>15481-774=14707 | 14707-12256=2451 |
| 12/962 D(140.29 ച.മീ) | 9821 | 140.29 X 70=9820<br>9820x20%=1964<br>(വഴി വർദ്ധന)<br>9820+1964=11784<br>11784x5%=589<br>(ബഹുനില വാണിജ്യ ഇളവ്)<br>11784-589=11195 | 11195-9821=1374 |
| | | ആകെ | 6585 |

നികുതി തെറ്റായി നിർണ്ണയിച്ചതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ഇനത്തിൽ 6585 രൂപയുടെയും ലൈബ്രറി സെസ്സ് ഇനത്തിൽ 329 രൂപയുടെയും നഷ്ടം ഉണ്ടായിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

2-2 ഒരേ കെട്ടിടത്തിന് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്ത് വാർഡ് 15 ൽ ശ്രീ.അബ്ദുൾറഹിമാൻ എന്നവർക്ക് BA-72/15-16 നമ്പർ പെർമിറ്റ്

പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. ചാനിയംകടവ് വടകര റോഡിന് സമീപം സ്ഥിതി ചെയ്യുന്ന ഈ കെട്ടിടത്തിന്റെ താഴത്തെ നില 2019 ഒന്നാം അർദ്ധവർഷത്തിൽ 15/505A, B, C, D, F, G വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 50 രൂപ നിരക്കിലും 15/505 D1, H, I, J, K, L, M, N എന്നിവയ്ക്ക് വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 50 രൂപ നിരക്കിലും നികുതി നിർണ്ണയിച്ചിരുന്നു.

2021 ഒന്നാം അർദ്ധവർഷത്തിൽ ഇതിന്റെ ഒന്നാം നിലയുടെ നിർമ്മാണം പൂർത്തീകരിച്ച് 15/505 O, P, Q, R, S, T, U എന്നീ നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. ഇതിൽ 15/505 O((62.53 ച.മീ) വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. 15/505 P, Q, R, S, T, U എന്നിവ വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 70 രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിച്ചത്. വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

15/505 O (62.53 ച.മീ) യ്ക്ക് യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതി താഴെ പറയും പ്രകാരമാണ്.

62.53x70=4377

4377x20%=875 (വഴി വർദ്ധന)

4377+875=5252-263 (ബഹുനില വാണിജ്യ ഇളവ്)=4989

സഞ്ചയ പ്രകാരം നിലവിൽ കണക്കാക്കിയത്=2140

വ്യത്യാസം 4989-2140=2849

മേൽ കെട്ടിടത്തിന് വ്യത്യസ്ത നിരക്കിൽ നികുതി കണക്കാക്കിയതിന് മറുപടി നൽകേണ്ടതാണ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ഇനത്തിൽ 2849/- രൂപയുടെയും ലൈബ്രറി സെസ്സ് ഇനത്തിൽ 142 രൂപയുടെയും നഷ്ടം ഉണ്ടായിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിന് മണ്ണ് പ്രവൃത്തിയ്ക്ക് പ്രത്യേകയിനം ഉൾപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വയോജനകേന്ദ്രം പൂർത്തീകരണം (പ്രോ.നം.141/22)

എന്ന പദ്ധതിയിൽ ആദ്യ എസ്റ്റിമേറ്റ് പുതുക്കി റെഡിമെഡ് സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവയുടെ സ്ഥാപനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എക്സ്ട്രാ ഇനം 2 ആയി റെഡിമെയ്ഡ് പി.വി.സി. സെപ്റ്റിക് ടാങ്കിനും (ഐറ്റം 51.19.ST2), എക്സ്ട്രാ ഇനം 3 ആയി റെഡിമെയ്ഡ് കോൺക്രീറ്റ് സോക്ക് പിറ്റിനുമുള്ള (OD) ഇനങ്ങൾ ഉൾപ്പെടുത്തുകയും, ഇവ സ്ഥാപിക്കുന്നതിനുള്ള കുഴിയെടുക്കുന്നതിന് എക്സ്ട്രാ ഇനം 1 ആയി ഐറ്റം 2.8.1 ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ റെഡിമെയ്ഡ് ഇനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഇനങ്ങളുടെ വിവരണം പരിശോധിച്ചാൽ മണ്ണ് പ്രവൃത്തിയുള്ള നിരക്ക കൂടി ഈയിനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കാണാം. ടാങ്കുകൾ സ്ഥാപിക്കാനുള്ള കുഴിയെടുക്കുന്ന നിരക്ക കൂടി ഈയിനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നിരിക്കെ മണ്ണ് പ്രവൃത്തിയ്ക്ക് പ്രത്യേകയിനം ഉൾപ്പെടുത്തി തുക നൽകിയതെന്തിനെന്ന് വ്യക്തമല്ല.

അളവു പുസ്തകം 17/20-21 പേജ് 31 പ്രകാരം കുഴിയെടുക്കുന്നതിന് 11.5m$^3$ മണ്ണെടുക്കുകയും ആയതിന് 163.07 രൂപ നിരക്കിൽ 1913/- രൂപ (ബിൽ നം.163/30.11.21)അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിൽ മണ്ണ് പ്രവൃത്തിയ്ക്ക് അധികമായി തുക അനുവദിച്ച സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ വിവരിച്ച വിധം അനാവശ്യമായി നൽകിയ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പുതിയ നിർമ്മിതിക്കുള്ള ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

ഓഡിറ്റ് വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ അറ്റകുറ്റപണികളിൽ നിലവിലുള്ള കെട്ടിടത്തിന്റെ പെയിന്റിംഗിനായി പുതിയ നിർമ്മിക്ക് നൽകുന്ന പെയിന്റിംഗ് ഇനം ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

1. പഞ്ചായത്ത് ഓഫീസ് പെയിന്റിംഗും അനുബന്ധ പ്രവൃത്തികളും (പ്രോ.നം.222/22):-

പഞ്ചായത്ത് കെട്ടിടം പെയിന്റ് ചെയ്യുന്നതിന് 1,00,000/- രൂപ വികസനഫണ്ട് ജനറൽ ഫണ്ട് അടങ്കലിൽ തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. 99688/- രൂപ ചെലവഴിച്ച (ബിൽ നം.445/30.3.22) മേൽ പ്രോജക്റ്റിൽ നിലവിലെ ചുമരുകളുടെ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത് DSR 2018ലെ ഇനം 13.44.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ പുതിയ നിർമ്മിതിയിൽ രണ്ടോ അതിലധികമോ കോട്ട് വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റ് 3.84kg/10sqm എന്ന തോതിൽ പൂശുന്നതിനുള്ളതാണെന്ന് വ്യക്തമാണ്. പഴയ നിർമ്മിതിയുടെ അറ്റകുറ്റ പണിയുടെ ഭാഗമായി വരുന്ന മേൽ പെയിന്റ് ഉപയോഗിച്ചുള്ള പ്രവൃത്തിയ്ക്ക് DSR ലെ 13.109.1, 13.109.2 എന്നീയിനങ്ങളാണ്

ഉൾപ്പെടുത്തേണ്ടിയിരുന്നത്. പഴയ നിർമ്മിതിയിൽ 2.2kg/10sqm എന്ന തോതിൽ പെയിന്റിംഗ് മതിയെന്നിരിക്കെ ഉയർന്ന അളവിലുള്ള ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. തെറ്റായയിനം ഉൾപ്പെടുത്തിയതു മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി.

| എസ്റ്റിമേറ്റിലെ ഐറ്റം 13.44.1പ്രകാരം നൽകിയ തുക (Cost Index 36.44%) | ഐറ്റം 13.109.2 ഉൾപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടിവരുമായിരുന്ന തുക |
|---|---|
| $726.21m^2$ X 108.06= 78474.25 | $726.21m^2$ X 70.33= 51074.34 |
| അധികം നൽകിയ തുക =27400/- | |

2. ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം അറ്റകുറ്റ പണികൾ(പ്രോ.നം.17/22):-

ഗ്രാമപഞ്ചായത്തിന്റെ ലൈബ്രറിയും മറ്റും പ്രവൃത്തിയ്ക്കുന്ന കെട്ടിടത്തിൽ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കെട്ടിടത്തിന്റെ പെയിംന്റിംഗ് നടത്തുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. പുതുതായി നിർമ്മിക്കുന്ന ഭാഗങ്ങളിൽ പെയിന്റിംഗ് പ്രവൃത്തികൾക്കായി DSR 2016 ലെ ഇനങ്ങൾ 13.43.1, 13.44.1, 13.61.1 എന്നിവയും, നിലവിലുള്ള ഭാഗങ്ങളുടെ വൃത്തിയാക്കലിന് ഐറ്റം 14.46 ഉം, ഈ ഭാഗങ്ങളുടെ പെയിന്റിംഗിന്, 14.53.1, 14.54.1 എന്നീയിനങ്ങളും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ പഴയ നിർമ്മിതിയ്ക്കു മുകളിലും പ്രൈമർ നൽകി പുതിയ നിർമ്മിതിയുടെ ഇനം ഉപയോഗിച്ച് പെയിന്റിംഗ് ചെയ്യുകയാണ് ചെയ്തതെന്ന് കാണുന്നു. ഇനം 14.53.1, 14.54.1 എന്നിവ ചെയ്യാതെ മുഴുവനായി ഒഴിവാക്കി. പ്രവൃത്തിയിൽ ഉണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ആദ്യ എസ്റ്റിമേറ്റ് പുതുക്കിയാണ് നിർമ്മാണം പൂർത്തീകരിച്ചത്. ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും യഥാർത്ഥത്തിൽ ചെയ്തതുമായ അളവുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| എസ്റ്റിമേറ്റിലെ ഐറ്റം നം | ഇനം | ആദ്യ എസ്റ്റിമേറ്റിലെ അളവ് | ചെയ്ത അളവ് |
|---|---|---|---|
| ഐറ്റം 17 | 13.43.1 Applying One Coat Of Water Thinnable Cement Primer.... | $229.423m^2$ | $1605.93m^2$ ($334.1 +1271.83m^2$ ഐറ്റം 35 പ്രകാരം സ്ക്രാപ് ചെയ്ത ഭാഗം) |
| ഐറ്റം 18 | 13.44.1 Finishing Walls With Water | $229.423m^2$ | $1471.58m^2$ |

| | | | |
|---|---|---|---|
| | Proofing Cement Painting.... | | (334.1 +1137.48m$^2$ പഴയ നിർമ്മിതിയിൽ) |
| ഐറ്റം 19 | 13.61.1 Painting With Synthetic Enamel Paint... | 63.556m$^2$ | 148.65m$^2$ (11.85m$^2$ +136.8m$^2$ പഴയ നിർമ്മിതിയിൽ) |
| ഐറ്റം 35 | 14.46 Removing Dry And Oil Bond Dystember, Water Proofing Cement Paint And Like By Scrapping... | 341.12m$^2$ | 1519.52m$^2$ (144.2+1271.83+103.49) |
| ഐറ്റം 36 | 14.53.1 Wall Painting With Plastic Emulsion Paint | 301.112m$^2$ | Not Executed |
| ഐറ്റം 37 | 14.54.1 Painting With Synthetic Enamel Paint... | 30.38m$^2$ | Not Executed |

മുകളിൽ വിവരിച്ച രീതിയിൽ ആദ്യ എസ്റ്റിമേറ്റിൽ ശരിയായ ഇനം ഉൾപ്പെടുത്തിയിട്ടും പ്രസ്തുത പ്രവൃത്തി ചെയ്യാതെ ഉയർന്ന അളവിൽ പെയിന്റ് പഴയ നിർമ്മിതിയ്ക്ക് മുകളിൽ ഉപയോഗപ്പെടുത്താനുള്ള കാരണം വ്യക്തമല്ല. പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പ്രൈമർ കൂടി ഉൾപ്പെടുന്ന വിധത്തിലുള്ള ഇനങ്ങൾ DSR 2016ൽ ലഭ്യമായിരിക്കെ(ഇനം 14.64.1), ഇത് ഉപയോഗപ്പെടുത്താതെ പുതിയ നിർമ്മിതിയ്ക്ക് നൽകുന്ന അളവിൽ പ്രൈമർ നൽകി അതിനു മുകളിൽ പെയിംന്റിംഗ് നടത്താനുണ്ടായ സാഹചര്യവും വ്യക്തമല്ല. മേൽ വിവരിച്ച രീതിയിൽ പുതിയ നിർമ്മിതിയ്ക്കുള്ള ഇനം ഉപയോഗപ്പെടുത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി.

| ചുവരുകളുടെ പെയിന്റിംഗ് | ഐറ്റം 18(13.44.1) ഉപയോഗിച്ച് | ഐറ്റം 36(14.53.1) ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടി വരുമായിരുന്ന തുക | അധിക ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| | പഴയ നിർമ്മിതിയിൽ പെയിന്റിംഗിന് ചെലവഴിച്ച തുക | | |
| | 1137.48m$^2$ X 83.99= 95536.95 | 1137.48m$^2$ X 72.41= 82364.93 | 13172.02 |
| ഗ്രിൽ/ജനൽ/ വാതിൽ പെയിന്റിംഗ് | ഐറ്റം 19(13.61.1) ഉപയോഗിച്ച് പഴയ നിർമ്മിതിയിൽ പെയിന്റിംഗിന് ചെലവഴിച്ച തുക | ഐറ്റം 37(14.54.1) ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടി വരുമായിരുന്ന തുക | |
| | 136.8m$^2$ X 111.99 = 15320.23 | 136.8m$^2$ X 67.23 = 9197.06 | 6123.17 |
| ആകെ അധികം വേണ്ടി വന്നത് | | | 19295.19 |
| | | റൗണ്ട് ചെയ്ത് | 19295 |

മുകളിൽ വിവരിച്ചതിനു പുറമേ പഴയ നിർമ്മിതിയിൽ പ്രൈമർ പൂശിയ ഇനത്തിൽ 67127.19/- രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. പഴയ നിർമ്മിതിയ്ക്കു മുകളിലെ പെയിന്റിംഗ് അറ്റകുറ്റ പണിക്കായി പ്രൈമർ അടക്കം ഉപയോഗപ്പെടുത്താനുള്ള കാരണം എസ്റ്റിമേറ്റ് റിപ്പോർട്ടിലെവിടെയും പരാമർശിച്ചിട്ടില്ല. അതുകൊണ്ടു തന്നെ മേൽ പ്രവൃത്തി അനാവശ്യമായിരുന്നുവെന്ന് കണക്കാക്കുന്നു. ഇതിനായി ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| ഐറ്റം 13.43.1 ഉപയോഗിച്ച് പഴയ നിർമ്മിതിയ്ക്ക് പ്രൈമർ നൽകിയ അളവ് | 1271.83m$^2$ |

| | |
|---|---|
| ചെലവഴിച്ച തുക<br>റൗണ്ട് ചെയ്ത് | $1271.83m^2$ X 52.78<br>=67127.19<br>67127 |

മുകളിൽ വിവരിച്ച രണ്ടു പദ്ധതികളിലായി പഴയ നിർമ്മിതിയുടെ അറ്റകുറ്റപണിക്ക് പുതിയ നിർമ്മിതിയുടെ ഇനം തെരെഞ്ഞെടുത്തതിനാൽ ഉണ്ടായ അധിക ചെലവ് 46695 (27400+19295) രൂപയും, അനാവശ്യമായി പഴയ നിർമ്മിതിയ്ക്ക് പ്രൈമർ ഉപയോഗപ്പെടുത്തിയതിനാൽ ഉണ്ടായ 67127/- രൂപയുടെ അധിക ചെലവും ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതും, മേൽ സാഹചര്യങ്ങൾ വിശദീകരിക്കേണ്ടതുമാണ്.

### 3-3 വക്കീൽ ഫീസ് ഇനത്തിൽ അധികതുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ 21-22 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 8.11.21 ലെ വൗച്ചർ നം 22100770 പ്രകാരം 33000/- രൂപ പേരാമ്പ്ര മത്സ്യമാർക്കറ്റുമായി ബന്ധപ്പെട്ട ബഹു. കേരള ഹൈക്കോടതിയിലെ WPC 22947/2020 നം കേസിന് രണ്ടു തവണ ഹാജരായ ഇനത്തിൽ ശ്രീ.അഡ്വ.പി.സി.ശശിധരന് അനുവദിച്ചിട്ടുണ്ട്. വൗച്ചർ പ്രകാരം അഡ്വ. ഫീസായി 15000, മറ്റ് ചിലവുകൾ 1500 എന്നിങ്ങനെയാണ് 27.8.21 ലും 23.9.21 ലും ഹാജരാക്കിയ ബില്ലിൽ കാണിച്ചിട്ടുള്ളത്. 18.2.16 ലെ സ.ഉ (എം.എസ്സ്) നം 36/16. L.S.G.D പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 15000/- രൂപ വരെയും വകുപ്പദ്ധ്യക്ഷന്മാരുടെ അനുമതിയ്ക്ക് വിധേയമായി 50000/- രൂപ വരെയും ഈ ഇനത്തിൽ ചിലവഴിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ 15000 ത്തിനു മുകളിൽ ചിലവഴിക്കാൻ വകുപ്പദ്ധ്യക്ഷന്റെ അനുമതി ലഭിച്ചോ എന്നു വ്യക്തമല്ല. അധിക തുക അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം നൽകിയ 3000/- രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | ഓഡിറ്റ് നിർവ്വഹിച്ച കാലയളവ് | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-പേരാമ്പ്ര | 2021-22 | 60000 | ഭിന്നശേഷി സ്കോളർഷിപ്പ് | 60000 | 0 |
| | 2021-22 | 886567 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 886567 | 0 |
| | 2021-22 | 440000 | കണ്ണോത്ത് കുന്ന് കുടിവെള്ള പദ്ധതി | 440000 | 0 |
| | 2021-22 | 375000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 375000 | 0 |
| ജില്ലാ പഞ്ചായത്ത് കോഴിക്കോട് | 2021-22 | 600000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 600000 | 0 |
| | 2021-22 | 150000 | മുട്ടഗ്രാമം പദ്ധതി | 150000 | 0 |
| | 2021-22 | 200000 | മിൽക്ക് ഇൻസെന്റീവ് | 200000 | 0 |
| | 2021-22 | 600000 | ലൈഫ് ഭവന പദ്ധതി(എസ്.സി) | 600000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 475000 | ഭിന്നശേഷി സ്കോളർഷിപ്പ് | 475000 | 0 |
| | 2021-22 | 1081752 | ചെറിയ വീട്ടിൽ കുടിവെള്ള പദ്ധതി | 1081752 | 0 |
| | 2021-22 | 2500000 | കലാസാംസ്കാരിക കേന്ദ്രം | 0 | 2500000 |
| | 2021-22 | 210000 | പശുഗ്രാമം പദ്ധതി | 210000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നായരുപറ്റ കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 42101522/ 31.3.22 | 220000 | 0 | 220000 |
| കേരള വാട്ടർ അതോറിറ്റി | നായരുപറ്റ കോളനി കുടിവെള്ള പദ്ധതി | 42101526/ 31.3.22 | 270000 | 0 | 270000 |

| | പുനരുദ്ധാരണം | | | | |
|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| അഗ്രി കൾച്ചർ മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മാണം | സ.ഉ(സാധാ) നം.2283/ 2015/ത.സ്വ.ഭ.വ തിയ്യതി- 25.07.2015 | 2021-22 | 0 | 26725617 | 7068360 | 2096683 | 19657257 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018 തിയ്യതി 18.5.2018 | 2021-22 | 100000 | 25483459 | 2156000 | 0 | 23427459 |
| ആകെ | | | 100000 | 52209076 | 9224360 | 2096683 | 43084716 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

(കുറിപ്പ് : നിക്ഷേപം സംബന്ധിച്ച ഷെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.)

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | | 200 | സി. പവിത്രൻ, കോൺട്രാക്ടർ | 121050101667 |
| 2008-09 | | 400 | റോയ് തോമസ്, കോൺട്രാക്ടർ | 121050102448 |
| 2008-09 | | 600 | ഒ. എം. സ്വരാജ്, കോൺട്രാക്ടർ | 121050103130 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | | 2003-04 | 11(11) | മണൽപിരിവ് പണ അപഹരണം | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 3-5 | 2006-07 | 3.79.6.3 | മണൽ വിൽപന | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 3-2 | 2006-07 | 3.79.18.7 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | -- | 2013-14 | 5.1.5.2 | ജല സ്രോതസ്സുകളിലെ മാലിന്യ കൂമ്പാരം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.3 | ജല സ്രോതസ്സുകളുടെ സംരക്ഷണം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.4 | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.8 | മഴവെള്ള സംഭരണി പരാജയം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.12 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.13 | ഗുണഭോക്തൃ സമിതി തുക കൈമാറിയത് | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.17.87 | വെള്ളക്കരം കുടിശ്ശിക | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.6.1.24 | എസ്സ്.സി – എസ്സ്.ടി അടിസ്ഥാന സൌകര്യ വികസനം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.7.13.1538/33 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).1.10.90 | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ)2.2.91 | വീട് റിപ്പയർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).3.4.91 | കുടിവെള്ളം | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3-3 | 2016-17 | 6(ബി).93 | ധനവിനിയോഗം സാധ്യമാകാത്തത് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4.1.88 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5.2.11 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | അടവാക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | |

| | | | ഭരണവകുപ്പ് | | | | | |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2009-10 | - | ശ്രീ.കെ.സി. സുബ്രഹ്മണ്യൻ. അസിസ്റ്റന്റ് എഞ്ചിനീയർ | എൽഎഫ്4418/ സ്പെ.സെൽ/ ഡി.എസ്.സി./ ഡി2/2013 തീയതി 25-07-2014 | 17480 | - | | 17480 |
| 2 | 2008-09 | 2-10 | ശ്രീ.ജോയ്സി | എൽഎഫ് 7321/സ്പെ. സെൽ സി.എസ്.സി/ ഡി2/2012 തിയതി. 21.02.2013 | 16392 | 6660 | 9732 | 9732 |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,97,31,257 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,41,51,789 |
| വരവിനങ്ങളിലുള്ള നഷ്ടം | 9,434 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,18,735 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,68,088 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6585 | - | ശ്രീ.ഷിജു.എൽ.എൻ, സെക്രട്ടറി |
| 2-2 | 2849 | - | ശ്രീ.ഷിജു.എൽ.എൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-1 | - | 1913 | ശ്രീമതി.സൗദ.കെ.സി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 113822 | ശ്രീമതി.സൗദ.കെ.സി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 3000 | ശ്രീ.ഷിജു.എൽ.എൻ,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2,00,000 | ഡോ.നർദ.വി,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-23 | 105844 | ശ്രീമതി.സൗദ.കെ.സി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 9,62,244 | ശ്രീമതി.സൗദ.കെ.സി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 329 ലൈബ്രറി സെസ്സ്

2-2 142 ലൈബ്രറി സെസ്സ്

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീ.ഷിജു.എൽ.എൻ,<br>സെക്രട്ടറി | സെക്രട്ടറി ,<br>പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | പുതുക്കുടി,<br>പനങ്ങാട്.പി.ഒ |
| ശ്രീമതി.സൗദ.കെ.സി,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | തളിയോത്ത്,<br>ചേനോളി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി.<br>പി5-402/98 തീ. 12.11.12 | 1 | 32(2) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.<br>പി4-1262/11 തീ. 04.10.2011 | 2 | 33,56 |
| 2001-02 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി.5/951/2019(1) , 05.02.2021 | 2 | 3-2, 3-5 |
| 2002-03 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി.5/951/2019(3) , 05.02.2021 | 8 | 2-2, 2-3, 3-1, 3-2, 3-3, 3-5, 3-6, 3-8 |

| | | | |
|---|---|---|---|
| 2003-04 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/951/2019(3), 05.02.2021 | 4 | 3-4, 3-5, 3-6, 3-7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി4-644/09തീ. 05.01.2010 | 2 | 19, 21 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7/465/11തീ. 04.02.2012 | 13 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി 7/2020/11തീ.13.02.2012 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി5/1486/21 തീ. 11.04.2022 | 1 | 3-7 |
| 2009-10, 10-11 | എൽ.എഫ്.കെ.കെ.ഡി. പി5/ 1796/21തീ. 22.07.2013 | 12 | 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-10, 3-12, 3-13, 3-16, 3-17, |
| 2011-12, 12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15തീ. 14.09.15 | 15 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8,3-9, 3-10, 3-11, 3-12 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.4.1637/16 തീ. 31.10.16 | 13 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 3-13, 3-14, 3-15,3-16 |
| 2015- 16 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 1947/16 തീ. 15.05.17 | 22 | 2-1,2-2,2-3, 2-4,2-5,2-6, 2-7, 2-8, 3-1, 3-2,3-3,3-4, 3-5,3-6, 3-7, 3-8, 3-9, 3-10,3-11, 3-12,3-13,3-14 |

| | | | |
|---|---|---|---|
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1485/2017 , 03.08.2017 | 25 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1642/2019തി.16.06.2020 | 15 | 1-12(1,2,4),2-2, 2-6, 3-2, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-15,3-16,3-17 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1154/2020 തി.25.05.2021 | 24 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22(3), 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-37, 1-40, 1-41 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/357/2022തി.04.03.2022 | 34 | 1-1 മുതൽ 1-34 വരെ |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1065/2022തി.27.06.2022 | 37 | 1-1 To 1-36, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്